
KNANAYADEEPAM

# ക്നാനായദീപം

SINCE 1989

Vol: 33 / Issue: 5 May 2022 ₹ :10/-



# 2 –ാം ചരമവാർഷികം

19–05–2022



# വി.സി. ചാക്കോ (കുഞ്ഞൂഞ്ഞ്)

**വാഴുവേലിൽ, ഇരവിപേരൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

**സന്തപ്ത കുടുംബാംഗങ്ങൾ**

Advt -O

ക്നാനായ ദീപം
SINCE 1989
2022 മേയ് പുസ്തകം 33 ലക്കം 5
മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04
സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05
സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ
നൽകുന്നത് ലഭിക്കുന്നു 08
സി. എ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ
കുടിവെള്ള ക്ഷാമം കാരണങ്ങൾ പരിഹാരമാർഗ്ഗങ്ങൾ 10
എം. പി. ജേക്കബ് മണിമലേത്ത്
മരണാനന്തരജീവിതം 19
ഓമന സഖറിയ പുതിയമഠം
ഡി. സേഫ് 20
അനുബ് ജോൺ രാമമംഗലം
2022 ചില കരിയർ പാഠങ്ങൾ 21
സുനിൽ ഡി. കുരുവിള
സ്നേഹം 22
പുളിങ്കുന്ന് ലൂക്കാ
മാതൃകാ കുടുംബജീവിതം 23
ഫാ. ഡോ. ജയിംസ് തോടത്തിൽ
സമയമാം രഥം 25
ഏബ്രഹാം കല്ലിശ്ശേരി
താണനിലത്തേ നീരോടു 26
റ്റി.സി. തോമസ് തോപ്പിൽ
28 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്
41 ഏവൻഗേലിയോൻ ദീപം
43 ഇസ്ക്കരിയോത്താ യൂദാസിന്റെ ദാരുണ അന്ത്യം
ടോമി കുറിച്ചി
45 അസ്സോസിയേഷൻ നോട്ടീസ്
46 കാൽപ്പാടുകൾ
എബി
47 മാട്രിമോണിയൽ
50 100 Promises from God's Word

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
0481-2961213
Mob. 85475 84440
E-mail:
**kna.deepam@gmail.com**

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**അന്ത്യകാലസംഭവങ്ങളായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്ഷാമം, ഭൂകമ്പം, യുദ്ധങ്ങൾ, പകർച്ച വ്യാധികൾ എന്നിവയുടെ കൂട്ടത്തിലാകാം ലോകത്തെ മുഴുവനും മുൻമുനയിൽ ആക്കിയിരിക്കുന്ന കൊറോണ വലിയ ഭീഷണിയായി തീർന്നത്.**

കർത്താവിൽ പ്രിയരെ,

ഞങ്ങൾ എല്ലാവരും ഉയിർത്തെഴുന്നേറ്റ യേശുവിന്റെ സാക്ഷികൾ എന്ന് ഒന്നാം നൂറ്റാണ്ടിൽ വി. പത്രോസ് അപ്പോസ്തോലൻ പ്രസ്താവിച്ചു. ഞാൻ സാക്ഷി എന്നു പറയാതെ അന്നുണ്ടായിരുന്ന എല്ലാ അപ്പോസ്തോലന്മാരേയും ഉൾപ്പെടുത്തിക്കൊണ്ടാണ് പത്രോസ് ഇത് പറഞ്ഞത്. ഈ മനോഭാവം ഇന്നു നമ്മളിൽ നിന്നും നഷ്ടപ്പെട്ടുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മറ്റ് അപ്പോസ്തോലന്മാരും ഉയിർത്തെഴുന്നേറ്റ യേശുവിന്റെ സാക്ഷികളാണെന്ന ഉത്തമബോധ്യം പത്രോസിന് ഉണ്ടായിരുന്നു. യേശുവിന്റെ പരസ്യശുശ്രൂഷ കാലത്ത് കർത്താവിനെ കണ്ടിട്ടില്ലാത്ത പൗലോസ്, പ്രഭു കുടുംബാംഗം, റോമാ പൗരത്വം, ഗമാലിയേലിന്റെ കീഴിലെ പഠിപ്പ്, സന്നിദ്രീം സംഘത്തിലെ അംഗം എന്നിവയിൽ അഭിമാനിച്ചു ജീവിച്ചിരുന്ന വ്യക്തിയായിരുന്നു. ക്രിസ്ത്യാനികളെ മർദ്ദിക്കുകയും കൊല്ലുകയും ചെയ്തുകൊണ്ടിരുന്ന ശൗൽ ദമസ്ക്കോസിന്റെ കവാടത്തിൽ വച്ച് ഉയിർത്തെഴുന്നറ്റ യേശുവിനെ ദർശിച്ചതോടുകൂടി താൻ വിലപ്പെട്ടതായി കരുതിയിരുന്ന എല്ലാ ആഗ്രഹങ്ങളേയും ചപ്പും ചവറുമായി ചിന്തിച്ച് ഉപേക്ഷിച്ച് ക്രിസ്തുവിനുവേണ്ടി മർദ്ദനം ഏൽക്കാൻ തയ്യാറാകുന്ന വിധത്തിൽ രൂപാന്തരം പ്രാപിച്ചു.

കർത്താവിന്റെ സഹോദരന്മാരായ യാക്കോബും യോഹന്നാനും അമ്മയോടൊപ്പം വന്ന് അധികാരക്കസേരയ്ക്കു വേണ്ടി ആഗ്രഹിച്ചവരായിരുന്നെങ്കിലും ഉയിർത്തെഴുന്നേറ്റ യേശുവിന്റെ സാക്ഷിയായതോടുകൂടി അവരുടെ ഐഹിക ആഗ്രഹങ്ങൾ ഇല്ലാതാകുന്നതാണ് കാണുന്നത്. ഇന്ന് അധികാരക്കസേരക്കുവേണ്ടി നെട്ടോട്ടമോടുന്ന സഭാ നേതൃത്വത്തിന് ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ദർശനമുണ്ടായാൽ മാത്രമേ സഭയുടെ പ്രശ്നങ്ങൾ പരിഹരിപ്പെടുകയുള്ളു.

ഉയിർത്തെഴുന്നേറ്റ യേശുവാണ് ഈ ലോകത്തിലെ മാറ്റമില്ലാത്ത സത്യം. പഴയ നിയമത്തിലെ മോശ മുൾപ്പടർപ്പിന്റെ നടുവിൽ കണ്ട, യെശയ്യാ പ്രവാചകൻ ദൈവാലയത്തിൽ വച്ചു കണ്ട പരിശുദ്ധനും ആരാധ്യനുമായ ഏക സത്യ ദൈവം തന്നെയാണ് ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുക്രിസ്തു. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന് സാക്ഷികളായ വിശ്വാസികളും അധികാരികളേയും അവരുടെ ക്രൂരമായ ശിക്ഷകളേയും ഭയപ്പെടാതെ വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിക്കാനുള്ള ധീരത കാട്ടിയത് സഭാചരിത്രത്തിലെ രോമാഞ്ച ലിഖിതങ്ങളാണ്. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ സാക്ഷികളെ പീഡിപ്പിച്ചു നശിപ്പിച്ച എല്ലാവരും നശിച്ചു പോയപ്പോൾ പീഡയേറ്റവർ ഇന്നും സ്വർഗ്ഗത്തിൽ ജീവിക്കുന്നു. ഉയിർത്തെഴുന്നേറ്റ യേശുവിന്റെ സാക്ഷിയാകുക എന്നത് ഭൗതിക നന്മകൾക്കും അധികാര സ്ഥാനമാനങ്ങൾക്കും വേണ്ടി ക്രിസ്തു സ്വീകരിക്കാത്ത മാർഗ്ഗവും മാതൃകയും സ്വീകരിക്കുന്ന ഇന്നത്തെ തലമുറയുടെ നടുവിൽ പലതും നഷ്ടപ്പെട്ടും വേണ്ടെന്നുവച്ചുംകൊണ്ട് ക്രിസ്തുവിന്റെ സാക്ഷിയാകാൻ നമുക്ക് കഴിയുമോ.

ലോകം ഇതുവരെയും ദർശിച്ചിട്ടില്ലാത്ത ഏറ്റവും കൊടിയ ഒരു കാലത്തു നാം എത്തിച്ചേർന്നിരിക്കുകയാണ്. രാഷ്ട്രീയഗതിയും മതത്തിന്റെപോക്കും വഷളായിരിക്കുകയാണ്. വേറെ ഏതുകാലത്തേയും അപേക്ഷിച്ച് ഇന്ന് മതം അധഃപതിച്ചിരിക്കുകയാണല്ലോ. പൂർവ്വകാലത്തു അന്ധവിശ്വാസങ്ങളിൽ അടിസ്ഥാനപ്പെട്ടെങ്കിലും ദൈവഭയം മനുഷ്യർക്കു പൊതുവേ ഉണ്ടായിരുന്നു. ഇന്നാകട്ടെ അത് ഇല്ലാതായിരിക്കുകയാണ്. ലോകത്തിൽ ഏറ്റവും അധികം വെളിച്ചം വീശേണ്ടതിനു ചുമതലയുള്ള ക്രിസ്ത്യാനികൾ വിവിധ നിലയിൽ തോറ്റിരിക്കുന്നു അഖിലലോക മതസംഘടന ഉണ്ടായിരിക്കുകയാണ്. അത് ബലപ്പെടുത്താനുള്ള വ്യഗ്രതയിൽ മേലദ്ധ്യക്ഷന്മാർ മുന്നേറുന്നു. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്നു ക്രിസ്തു ഖണ്ഡിതമായിപ്പറഞ്ഞു "മറ്റൊരുത്തനിലും രക്ഷയില്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല" എന്നു തീർത്തു പറഞ്ഞിരിക്കെ ക്രിസ്തീയ നേതാക്കന്മാർ എന്ന് അഭിമാനിക്കുന്ന മെത്രാപ്പോലീത്തന്മാർ എല്ലാ മതനേതാക്കന്മാരുടെയും പടിവാതിൽക്കൽ പോയി സഭാ പ്രശ്നങ്ങൾക്ക് പരിഹാരം യാചിക്കുന്നത് വിവിധ പത്രമാദ്ധ്യമങ്ങളിൽ കൂടി കണ്ടത് എത്രയോ ലജ്ജാകരമാണ്. എന്തൊരു അധഃപതനമാണ്. സ്വന്തവിവേകത്തിൽ ഊന്നി പ്രമാണരഹിതമായി മുന്നേറുന്നു. ഈ വിധം കാര്യങ്ങൾ മോശമായി താണുപോയിരിക്കുന്ന കാലത്താണു നാം ജീവിച്ചിരിക്കുന്നത്. ഈ സാഹചര്യം നമ്മെ വിളിച്ചറിയിക്കുന്നത് അന്തിക്രിസ്തുവിന്റെയും കള്ള പ്രവാചകന്റെയും കാലു സമീപിച്ചിരിക്കുന്നു എന്നുള്ളതാണ്. അധർമ്മത്തിന്റെ ശക്തി ബലപ്പെട്ടു വരുന്നതായി കാണുന്നു. അന്ത്യകാലസംഭവങ്ങളായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്ഷാമം, ഭൂകമ്പം, യുദ്ധങ്ങൾ, പകർച്ച വ്യാധികൾ എന്നിവയുടെ കൂട്ടത്തിലാകാം ലോകത്തെ മുഴുവനും മുൻമുനയിൽ ആക്കിയിരിക്കുന്ന കൊറോണ വലിയ ഭീഷണിയായി തീർന്നത്. ഇപ്പോൾ ദൈവം കോവിഡിനെ അല്പം ശാന്തമാക്കി പൂർണ്ണമായി ശാന്തമാക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. ദൈവം അയച്ച ബാധ ദൈവം തന്നെ മാറ്റണം. ഈ മഹാമാരിക്ക് ശേഷവും മനുഷ്യന്റെ ആർഭാടത്തിനും അഹങ്കാരത്തിനും

*(ശേഷം പേജ് 9-ൽ)*



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

"

**ലോകത്തിലെ ഏതെങ്കിലും മതസ്ഥാപകനോ, നേതാവോ തന്റെ മരണത്തിനു മുമ്പ് ദുഃഖിക്കരുത് ഞാൻ തിരിച്ചുവന്നു നിങ്ങളെ കാണും എന്നു പറഞ്ഞിട്ടില്ല. എന്നാൽ ഞാൻ തിരിച്ചു വരുമെന്നും നിങ്ങളെ വീണ്ടും കാണുമെന്നും പറഞ്ഞത് യേശുതമ്പുരാൻ മാത്രമാണ്.**

"

കർത്താവിൽ അനുഗ്രഹീതരെ.

പുനരുത്ഥാനം ചെയ്ത യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരോടൊപ്പം നാല്പതു ദിനങ്ങൾ ആയിരിക്കുകയും അവരെ ധൈര്യപ്പെടുത്തുകയും, ദൈവീക രഹസ്യങ്ങൾ അവർക്ക് കൂടുതൽ വെളിപ്പെടുത്തുകയും ചെയ്തു. ക്രിസ്തുവിന്റെ ക്രൂശ്മരണത്തിനുശേഷം യേശു തമ്പുരാന്റെ ശിഷ്യന്മാർ ചിതറപ്പെടുകയും പ്രത്യാശ നഷ്ടപ്പെട്ടു നിരാശരായി അവരിൽ പലരും പഴയ തൊഴിൽ മേഖലകളിലേയ്ക്ക് മടങ്ങുകയും ചെയ്തു. യേശുനാഥനോടൊപ്പമുണ്ടായിരുന്ന വർഷങ്ങൾ ഒരു സ്വപ്നംപോലെ അവർക്ക് പിന്നീട് അനുഭവപ്പെട്ടു.

യേശു ശിഷ്യരുടെ കൂടെയുണ്ടായിരുന്നപ്പോൾ അവരോടു പറഞ്ഞ പല ദൈവീക രഹസ്യങ്ങളും ആ സമയങ്ങളിൽ അവർക്ക് മനസ്സിലാക്കാൻ പ്രയാസമായിരുന്നു. അതുകൊണ്ടുതന്നെയാണ് യേശുവിന്റെ മരണശേഷം അവർ പെട്ടെന്ന് നിരാശരായിത്തീർന്നത് എന്നാൽ തന്റെ ഉത്ഥാനത്തിനു ശേഷം അവിടുന്ന് അനേകം കാര്യങ്ങൾ അവരോട് വെളിപ്പെടുത്തുകയും പരിശുദ്ധ റൂഹായുടെ ദൈവീക മർമ്മങ്ങൾ അവർ മനസ്സിലാക്കി തുടങ്ങുകയും ചെയ്തു. ആദിമ സഭാപിതാക്കന്മാരുടെ എഴുത്തുകളിലൂടെയും തിരുവചനത്തിലൂടെയും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് ക്രിസ്തുവിന്റെ മരണശേഷം കടുത്ത നിരാശയിലൂടെയും, കഠിനമായ ഭയത്തിലൂടെയും പ്രത്യാശ നഷ്ടപ്പെട്ടവരെപ്പോലെ കർത്താവിന്റെ അപ്പോസ്തോലന്മാർ കടന്നുപോകേണ്ടിവന്നു എന്നതാണ്.

ഭയത്തിന്റെ നടുവിലും അവർ രഹസ്യത്തിൽ ഒരുമിച്ചു കൂടുമായിരുന്നു. അവർ ഒന്നിച്ചായിരിക്കാൻ കഴിവതും ശ്രദ്ധിച്ചിരുന്നു. താൻ മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുമെന്ന് യേശുതമ്പുരാൻ തന്റെ മരണത്തിനുമുമ്പ് അവരെ ഓർമ്മിപ്പിച്ചത് അവർക്ക് ഒരു നേരിയ പ്രതീക്ഷയായിരുന്നു. മരണത്തെ തോല്പിച്ചുള്ള ക്രിസ്തുവിന്റെ ഉത്ഥാനം ശിഷ്യഗണങ്ങളെ എല്ലാവരെയും ഭയത്തിൽനിന്നും നിരാശയിൽനിന്നും അകറ്റി ആത്മവിശ്വാസമുള്ളവരാക്കി മാറ്റി. യേശുനാഥനായി രക്തസാക്ഷികളാകാൻ പോലുമുള്ള ധൈര്യം ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ അവർക്ക് ലഭിച്ചു.

"എന്റെ പിന്നാലെ വരിക" എന്ന നാഥന്റെ വിളികേട്ട് വള്ളവും വലയും മാത്രമല്ല തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ചു യേശുവിനോടൊപ്പം കൂടെകൂടിയവരാണ് അവന്റെ ശിഷ്യന്മാർ എന്നാൽ ക്രിസ്തുവിന്റെ അതിദാരുണമായ ക്രൂശ്മരണം അവരുടെ എല്ലാ പ്രതീക്ഷകളും തകർത്തു കടുത്ത നിരാശയിലേക്ക് അവരെ തള്ളിവിട്ടു. എന്നാൽ യേശുക്രിസ്തുവിന്റെ ഉത്ഥാനം അവർക്ക് നഷ്ടപ്പെട്ട സന്തോഷവും പ്രതീക്ഷകളും തിരികെ സമ്മാനിച്ചു മ്ശിഹായുടെ പുനരുത്ഥാനം അവരുടെ തന്നെ ഉത്ഥാനമായിരുന്നു അപ്പോസ്തോലന്റെ വാക്കുകളിൽതന്നെ അതു വ്യക്തമാണ് "മ്ശിഹാ ഉയർത്തെഴുന്നേറ്റിരുന്നില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥമായിരുന്നു. (1.കോരി 15:14).

ലോകത്തിലെ ഏതെങ്കിലും മതസ്ഥാപകനോ, നേതാവോ തന്റെ മരണത്തിനു മുമ്പ് ദുഃഖിക്കരുത് ഞാൻ തിരിച്ചുവന്നു നിങ്ങളെ കാണും എന്നു പറഞ്ഞിട്ടില്ല. എന്നാൽ ഞാൻ തിരിച്ചു വരുമെന്നും നിങ്ങളെ വീണ്ടും കാണുമെന്നും പറഞ്ഞത് യേശുതമ്പുരാൻ മാത്രമാണ്. (യോഹ.16:22). ആദിമസഭയുടെ ഏറ്റവും വലിയ വിശ്വാസം ക്രിസ്തു ഇന്നും ജീവിക്കുന്നുവെന്നുള്ളതായിരുന്നു. ആദിമ ക്രിസ്ത്യാനികൾ പരസ്പരം കണ്ടുമുട്ടുന്ന അവസരത്തിൽ അവർ ആശംസിച്ചിരുന്നതു യേശുക്രിസ്തു ഉയർത്തെഴുന്നേറ്റു എന്നതിനു മറുപടിയായി മറ്റേയാൾ അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു എന്നു പറഞ്ഞുകൊണ്ടാണ് ഇതു സൂചിപ്പിക്കുന്നത് യേശു ഇന്നും ജീവിക്കുന്നുവെന്നുള്ള വലിയ അവബോധം ആദിമ സഭയ്ക്കുണ്ടായിരുന്നുവെന്നാണ്.

"യേശു ഇന്നും ജീവിക്കുന്നു എന്ന ആഴമേറിയ വിശ്വാസം നമ്മുടെ എല്ലാ നിരാശകളെയും, ഭയത്തെയും ദൂരെയകറ്റും" ഒരിക്കൽ വില്യം എന്ന് പേരുള്ള അമേരിക്കൻ കറുത്ത വർഗ്ഗക്കാരുടെ നേതാവ് കറുത്തവർഗ്ഗക്കാരുടെ വലിയ ഒരു സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയാണ് കറുത്തവർഗ്ഗക്കാരുടെ അവകാശത്തിനായി പൊരുതിയിട്ടും യാതൊരു പുരോഗതിയുമില്ലെന്നു കണ്ടിട്ട് അദ്ദേഹം കടുത്ത നിരാശയിൽ ആ ജനത്തോടു പറഞ്ഞു. "നമുക്ക്

*(ശേഷം പേജ് 10-ൽ)*



# സമുദായ വാർത്തകൾ

റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

ക്നാനായ കമ്മിറ്റിയുടെ കഴിഞ്ഞ മൂന്നരവർഷക്കാലത്തെ പ്രവർത്തനം ഒരവലോകനം.

2018 സെപ്റ്റംബറിൽ ആണ് നിലവിലുള്ള ക്നാനായ കമ്മിറ്റി തെരഞ്ഞെടുപ്പിൽകൂടി രൂപീകൃതമായത്.

കേരളം ഇതുവരെ കണ്ടിട്ടില്ലാത്തതും, അനുഭവിച്ചിട്ടില്ലാത്തതുമായ പ്രളയവും വെള്ളപ്പൊക്കവും കഴിഞ്ഞ ഉടനെ ആയിരുന്നു കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് നടന്നത്.

സാമ്പത്തികമായും, സാമൂഹ്യപരമായും, മാനസികമായും നമ്മുടെ സമുദായത്തിനും കാര്യമായ ബുദ്ധിമുട്ടുകൾ ഉണ്ടായി.

കോവിഡ്മൂലം പള്ളികൾ അടഞ്ഞു കിടന്നു. മൂന്നര വർഷത്തിൽ ഒന്നര വർഷം മാത്രമാണ് കമ്മിറ്റിക്ക് പ്രവർത്തിക്കാൻ സാധിച്ചുള്ളു. ബാക്കി രണ്ടു വർഷം നമുക്ക് നഷ്ടപ്പെട്ടു. എന്നാൽ ദൈവാശ്രയത്തോടെയും, ലക്ഷ്യബോധത്തോടെയും ദീർഘവീക്ഷണത്തോടെയും, വ്യക്തമായ പ്ലാനും പദ്ധതിയും, ചിട്ടയായ പ്രവർത്തനവുംകൊണ്ട് ക്നാനായ കമ്മിറ്റിക്ക് ഈ പ്രതിസന്ധികളെ എല്ലാം മറികടക്കുവാനും, നമ്മുടെ സമുദായത്തെ മുന്നേറ്റത്തിന്റെ പാതയിലേക്ക് നയിക്കുവാനും സാധിച്ചു എന്നതിൽ സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുകയും, പ്രാർത്ഥനയോടുകൂടിയും ശരിയായ ഉപദേശങ്ങളോടുകൂടിയും ഞങ്ങൾക്ക് ശക്തിയും താങ്ങും തണലുമായി നിന്ന് ഞങ്ങളെ നേർവഴിക്ക് നയിച്ച അഭിവന്ദ്യനായ സമുദായ മെത്രാപ്പോലീത്ത മോർ സേവേറിയോസ് കുറിയാക്കോസ് തിരുമേനിയോടുള്ള നന്ദിയും സ്നേഹവും ഭക്തി ആദരവുകളും അറിയിക്കുന്നു.

**പ്രവർത്തനങ്ങൾ:**

പ്രളയവും വെള്ളപ്പൊക്കവും ഉണ്ടായ ഈ രണ്ടു വർഷവും ക്നാനായ കമ്മിറ്റി നമ്മുടെ ആളുകളുടെ ഇടയിൽ ഫലപ്രദമായി ഇറങ്ങി പ്രവർത്തിക്കുകയും ആവശ്യമായ സഹായങ്ങൾ എത്തിച്ചു കൊടുക്കുകയും ചെയ്തു. അതുപോലെ തന്നെ മറ്റു സമുദായങ്ങളിൽപ്പെട്ടവർക്കും ഭക്ഷണ കിറ്റുകളും മറ്റ് അത്യാവശ്യ സാധനങ്ങളും നൽകുകയുണ്ടായി. നിലമ്പൂർ പ്രദേശത്ത് അവർ ആവശ്യപ്പെട്ട സാധനങ്ങളും അത്യാവശമുള്ളവർക്ക് സാമ്പത്തിക സഹായവും കോവിഡ് കാലത്ത് വിവിധ സമുദായങ്ങളിൽപെട്ട സാധുക്കളായ ആളുകൾക്ക് ആയിരം രൂപയ്ക്കു മുകളിൽ വിലവരുന്ന 22 ൽപരം സാധനങ്ങൾ ഉള്ള ആയിരത്തിൽപരം ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു. കൂടാതെ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ നിധിയിലേക്ക് 5 ലക്ഷം രൂപ സംഭാവന നൽകി. നമ്മുടെ ആസ്ഥാനമായ ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ വെച്ച് ക്നാനായ കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ സമുദായ മെത്രാപ്പോലീത്തായുടെ കൈയ്യിൽ നിന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എൻ വാസവൻ 5 ലക്ഷം രൂപയുടെ ചെക്ക് ഏറ്റുവാങ്ങി.

**സമുദായത്തിലെ വൈദികരുടെ ശമ്പള പരിഷ്കരണം:-** കേരളത്തിലെ ക്രൈസ്തവ സഭകളിൽ ഇദം പ്രഥമമായി വൈദികർക്ക് 80% ശമ്പള വർദ്ധനവ് ക്നാനായ കമ്മിറ്റി നടപ്പാക്കി. പുതിയതായി പട്ടം ഏൽക്കുന്ന ഒരു വൈദികന് 9000- രൂപ ശമ്പളം ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ ശമ്പളം 16500-രൂപയായി ഉയർത്തി. കോവിഡ് കാലത്ത് ഒന്നോ രണ്ടോ പള്ളികളിൽനിന്ന് മാത്രമെ വൈദിക ശമ്പള വിഹിതം ലഭിച്ചുള്ളുവെങ്കിലും സമുദായത്തിലെ എല്ലാ വൈദികർക്കും മുഴുവൻ ശമ്പളവും കൊടുക്കുവാൻ കമ്മിറ്റിക്ക് സാധിച്ചു എന്നത് അഭിമാനത്തോടെയും സന്തോഷത്തോടെയും അറിയിക്കുന്നു.

**വൈദികരുടെ പ്രൊവിഡന്റ് ഫണ്ട്:**

ഈ കമ്മിറ്റി ചാർജ് എടുക്കുമ്പോൾ 2010 വരെയുള്ള പ്രൊവിഡന്റ് ഫണ്ട് വിഹിതം മാത്രമേ അടച്ചിരുന്നുള്ളു. ഇപ്പോൾ 2020 വരെയുള്ള വൈദികരുടെ പ്രൊവിഡന്റ് ഫണ്ട് വിഹിതം ഈ കമ്മിറ്റി അടച്ചു തീർത്തു. വാസ്തവത്തിൽ ഞങ്ങൾക്ക് 3 വർഷത്തെ വിഹിതം മാത്രം ഇതുവരെ അടച്ചാൽ മതിയായിരുന്നു. എന്നാൽ നമ്മുടെ വൈദികരെ കരുതുക എന്നത് ഈ കമ്മിറ്റിയുടെ നയമാണ്. ഞങ്ങൾ പറയുന്ന കാര്യങ്ങൾ പ്രവർത്തി പഥത്തിൽ കൊണ്ടുവരികയും ചെയ്യുന്നുണ്ട്.

**മോർ അപ്രേം സെമിനാരി:-**

ഈ കമ്മിറ്റി ചാർജ് എടുക്കുമ്പോൾ വളരെ ശോചനീയ അവസ്ഥയിലായിരുന്നു നമ്മുടെ ആസ്ഥാന മന്ദിരമായ മോർ അപ്രേം സെമിനാരി. അഭി. സമുദായ മെത്രാപ്പോലീത്തായുടെ മുറിവരെയും മഴ പെയ്താൽ ചോർന്നൊലിക്കുന്ന അവസ്ഥയിലായിരുന്നു. മറ്റേതൊരു തുല്യ സ്ഥാപനങ്ങളോടും കിടപിടിക്കുന്ന രീതിയിൽ പുതുക്കി പണിത് മോടി പിടിപ്പിച്ച് ഏതൊരു ക്നാനായക്കാരനും അഭിമാനിക്കാവുന്ന രീതിയിൽ പ്രൗഢഗംഭീരമാക്കി തീർത്തു.

**വടപുറം സ്കൂൾ:-**

നമുടെ വടപുറത്തുള്ള സ്കൂളും വളരെ ശോചനീയമായ അവസ്ഥയിൽ തന്നെ ആയിരുന്നു. സ്കൂളിനുവേണ്ടി ഒരു കോൺക്രീറ്റ് കെട്ടിടം പണിയുകയും ഓടിട്ട മേൽക്കൂര പൊട്ടി പൊളിഞ്ഞു കിടന്നത് സ്റ്റാഫിന്റെ അഭ്യർത്ഥന സ്വീക

Malankara Syrian Knanaya Archdiocese
Mor Ephraim seminary
Chingavanam, Ph :0481-2430327

**Tender**

Inviting tender from experienced and eligible contractors for construction of proposed Severios Knanaya College, Thottakad, Kottayam
Documents related to the tender will be available from Samudaya office 11-05-2022 onwards. Cost of tender form will be Rs 5000/-.
A demand draft should be drawn in the name of Trustee Malankara Syrian Knanaya Samudayam as EMD of Rs 100000/-.
Last date of tender submission - 21-05-2022,4 PM

Samudaya Trustee

രിച്ചു സ്റ്റീൽ സ്ട്രക്ച്ചർ ആക്കി പുതുക്കി പണിതു.

**ക്നാനായ പൈതൃക സ്മാരകം:-**

നമ്മുടെ പൂർവ്വ പിതാക്കന്മാർ വന്നിറങ്ങിയ, അവരുടെ കാലടികൾ സ്പർശിക്കുകയും ദീർഘനാൾ അവർ ജീവിക്കുകയും ചെയ്ത കൊടുങ്ങല്ലൂർ കോട്ടപ്പുറത്ത് അവരുടെ പാവനസ്മരണ നിലനിർത്തുന്ന എന്തെങ്കിലും വേണമെന്നുള്ളത് ഈ സമുദായത്തിലെ മുഴുവൻ ജനങ്ങളുടെയും ആദികാലം മുതലുള്ള ആഗ്രഹമായിരുന്നു. ഈ കമ്മിറ്റി അവിടെ നയനാനന്ദകരമായ ആ കായൽതീരത്തു സ്വന്തമായി സ്ഥലം വാങ്ങിച്ച് അതിൽ മനോഹരമായ ഒരു സ്മാരകം പണിതീർത്തു.

അവിടെ വി. കുർബ്ബാന അർപ്പിക്കുവാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട്. 200 പേർക്ക് ഇരുന്ന് മീറ്റിംഗിനുള്ള സൗകര്യം ഉണ്ട്. രണ്ടോ മൂന്നോ പേർക്ക് താമസിക്കുവാനുള്ള സൗകര്യം ഉണ്ട്. അവിടെ വരുന്ന ആളുകൾക്ക് വിശ്രമിക്കുവാനും, ഭക്ഷണം കഴിക്കുവാനും ടോയ്‌ലറ്റ് സൗകര്യങ്ങളും ഉണ്ട്. കൊടുങ്ങല്ലൂർ പൈതൃക സ്മാരകം ക്നാനായ സമുദായത്തിന്റെ അഭിമാനവും തിലകക്കുറിയുമായി മാറിക്കഴിഞ്ഞു.

ഈ കാലയളവിൽ കോവിഡ് എന്ന മഹാമാരിയുടെ ആക്രമണത്തിൽ നട്ടം തിരിഞ്ഞു കൊണ്ടിരുന്ന സമയത്തും അതിനെയെല്ലാം മറികടന്നുകൊണ്ട് നാല് മെറിറ്റ് അവാർഡ് ചടങ്ങുകൾ നടത്തുവാൻ ക്നാനായ കമ്മിറ്റിക്കു സാധിച്ചു എന്നത് അഭിമാനത്തോടെ അറിയിക്കുവാൻ സന്തോഷം ഉണ്ട്. മന്ത്രിമാരേയും വിദ്യാഭ്യാസപരമായി ഉയർന്ന നിലയിൽ ഉള്ളവരെയും ഒക്കെ ഈ അവാർഡ്ദാന ചടങ്ങുകളിൽ പങ്കെടുപ്പിക്കുവാൻ സാധിച്ചു.

മോർ സേവേറിയോസ് മെഡിക്കൽ സെന്റർ & പാലിയേറ്റീവ് കെയർ എന്ന പേരിൽ ഒരു ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചു. ഭാവിയിൽ ഒരു നല്ല ആശുപത്രി ആയി അത് ഉയർത്തുവാനുള്ള ശ്രമങ്ങൾ കമ്മിറ്റി നടത്തി വരുന്നു.

**തോട്ടയ്ക്കാട് വാങ്ങിയ 10 ഏക്കർ സ്ഥലം:-**

മറ്റ് എല്ലാ സഭകൾക്കും നിരവധി സ്കൂളും കോളേജുകളും ഉള്ളപ്പോൾ നമുക്ക് മാത്രം ഒരു arts and science കോളേജോ ഒരു ടെക്നിക്കൽ കോളേജോ ഇല്ലാത്ത ഈ അവസ്ഥയിൽ, കോട്ടയം പട്ടണത്തിൽനിന്ന് കൃത്യം 16 കിലോമീറ്റർ മാത്രം അകലെ തോട്ടയ്ക്കാട് ഈ കമ്മിറ്റിയുടെ കാലത്ത് സമുദായത്തിന്റെ ഫാർമസി കോളേജുമായി ചേർന്ന് 10 ഏക്കർ സ്ഥലം വാങ്ങി. പുതിയ കോളേജ് തുടങ്ങാനുള്ള യൂണിവേഴ്സിറ്റിയുടെ അനുവാദം നമുക്ക് കിട്ടിക്കഴിഞ്ഞു. ദൈവം അനുവദിച്ചാൽ ഈ മെയ്മാസം 15 -നു തന്നെ തറക്കല്ലിട്ട് കെട്ടിടങ്ങളുടെ പണി തുടങ്ങുകയും ഈ വർഷം തന്നെ ക്ലാസ്സുകൾ തുടങ്ങുകയും ചെയ്യും. കോളേജ് നമ്മുടെ സമുദായത്തിന്റെ ഒരു ചിരകാല അഭിലാഷം ആയിരുന്നല്ലോ?

**Extention of Association Hall:-**

നമ്മുടെ സമുദായത്തിലെ പള്ളികളുടെ എണ്ണംകൂടുകയും, ഇടവകകളുടെ എണ്ണം കൂടുകയും, വൈദികരുടെ എണ്ണം കൂടുകയും ചെയ്തപ്പോൾ സ്വാഭാവികമായി അസ്സോസിയേഷൻ അംഗങ്ങളുടെ എണ്ണവും കൂടുകയുണ്ടായി. എല്ലാ അസ്സോസിയേഷൻ അംഗങ്ങൾക്കും അസ്സോസിയേഷൻ ഹാളിനുള്ളിൽ ഇരുന്നു പങ്കെടുക്കുവാൻ ഉള്ള സൗകര്യം ഇപ്പോൾ ഇല്ലാത്തതിനാൽ അസ്സോസിയേഷൻ ഹാൾ വലുതാക്കാനുള്ള ടെൻഡർ നടപടി ആരംഭിച്ചു കഴിഞ്ഞു.

**എഡേസ്സ എസ്റ്റേറ്റും കുൽപ്പമല എസ്റ്റേറ്റും**

ഈ ക്നാനായ കമ്മിറ്റി അംഗങ്ങൾ രണ്ടു സ്ഥലങ്ങളും സന്ദർശിക്കുകയും അതാത് സ്ഥലത്ത് ആവശ്യമായ റീപ്ലാന്റിങ്ങ്, മറ്റ് നടപടികളും സ്വീകരിച്ചു.

**കേസുകൾ:-**

കേസുകളുടെ ബാഹുല്യം ഒരു വലിയ പ്രശ്നം തന്നെയാണ്. ഇപ്പോൾ നിലവിലുള്ള അസ്സോസിയേഷൻ അംഗങ്ങളെ പള്ളികളിൽനിന്നും തെരഞ്ഞെടുക്കുന്നതിനായി അഭി. സമുദായ മെത്രാപ്പോലീത്താ പള്ളികളിലേക്ക് അയച്ച കല്പന റദ്ദ് ചെയ്യണമെന്നും അല്ലെങ്കിൽ സ്റ്റേ ചെയ്യണമെന്നും പറഞ്ഞു അന്ന് തുടങ്ങിയ കേസുകളാണ്. നമ്മൾ 7 അസ്സോസിയേഷൻ മീറ്റിംഗുകളാണ് കൂടിയത്. ഈ 7 അസ്സോസിയേഷനുകളും കൂടരുതെന്നും കൂടി കഴിഞ്ഞപ്പോൾ തീരുമാനങ്ങൾ നടപ്പാക്കരുതെന്നും പറഞ്ഞുകൊണ്ട് കേസുകളും, ഓരോ കേസിനും നാലും അഞ്ചും IA കളുമാണ് കൊടുത്തിരിക്കുന്നത്. ചില കേസുകൾക്ക് 8 ഉം 9 ഉം IA കൾ വരെ കൊടുത്തിട്ടുണ്ട്. ആദ്യം കൂടിയ അസ്സോസിയേഷൻ യോഗത്തിൽ വച്ച് മഹാ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുത്ത ക്നാനായ കമ്മിറ്റിക്കെതിരെയാണ് ഈ കേസുകളെല്ലാം എന്നത് ഏറെ ആശ്ചര്യജനകം തന്നെയാണ്.

ഇപ്പോൾ ഏറ്റവും അവസാനമായി ഈ മെയ് മാസം അസ്സോസിയേഷൻ കൂടി സമുദായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തന റിപ്പോർട്ടും കണക്കുകളും ചർച്ച ചെയ്തു പാസ്സാക്കുവാൻ ക്നാനായ കമ്മിറ്റി തീരുമാനം എടുത്തതിന്റെ രണ്ടു ദിവസം കഴിഞ്ഞപ്പോൾ അസ്സോസിയേഷൻ കൂടുന്നതും തീരുമാനങ്ങൾ എടുക്കുന്നതും തടയണമെന്നും മീറ്റിംഗ് കൂടുന്നത് സ്റ്റേ ചെയ്യണമെന്നും കാണിച്ചുകൊണ്ട് കോട്ടയം കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. വാകത്താനം പുതുശ്ശേരിപ്പള്ളി ഇടവകാംഗവും കാവാലം പള്ളി ഇടവകാംഗവും ആണ് മേൽ പറഞ്ഞ എല്ലാ കേസുകളും കൊടുത്തിരിക്കുന്നത്.

ഈ ചുരുങ്ങിയ കാലയളവിൽ ഇത്രയും നേട്ടങ്ങൾ ക്നാനായ സമുദായത്തിന് ഉണ്ടാക്കി എടുക്കുവാനും സാധിച്ചു എന്നത് ഏറെ സന്തോഷത്തോടെ തന്നെ അറിയിക്കട്ടെ. അതിനു സഹായിച്ച എല്ലാവരെയും, അഭിവന്ദ്യനായ സമുദായ മെത്രാപ്പോലീത്തായേയും, ബ. വൈദിക ശ്രേഷ്ഠരെയും, അസ്സോസിയേഷൻ അംഗങ്ങളേയും നന്ദിപൂർവ്വം സ്മരിക്കുന്നു.

3-05-2022-ൽ കൂടിയ ക്നാനായ കമ്മിറ്റി ക്നാനായ അസ്സോസിയേഷൻ 31-05-2022-ൽ കൂടുവാൻ തീരുമാനിച്ചു. 2020-2021 ലെ സമുദായത്തിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും കണക്കുകളും പ്രവർത്തന റിപ്പോർട്ടുകളും ബഹുമാനപ്പെട്ട വൈദികർക്കും അസ്സോസിയേഷൻ അംഗങ്ങൾക്കും അയച്ചു കൊടുത്തു കഴിഞ്ഞു. 31-05-2022 ൽ കൂടുന്ന ക്നാനായ അസ്സോസിയേഷൻ നോട്ടീസ് ഈ ലക്കം ക്നാനായ ദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്

ക്നാനായ സമുദായത്തിലെ വൈദിക ട്രാൻസ്ഫർ നിലവിൽ വന്നു. അഞ്ചു വർഷമായി വൈദിക ട്രാൻസ്ഫർ നടക്കാതെ വൈദികരും ഇടവക ജനങ്ങളും ട്രാൻസ്ഫർ നടക്കണമെന്ന് ആഗ്രഹിച്ചിരുന്നതാണ്.

നമ്മുടെ സമുദായത്തിൽ സമാധാനം ഉണ്ടാകുന്നതിന് എല്ലാവരുടെയും പ്രാർത്ഥന അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ക്നാനായ കമ്മിറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി,
**റ്റി.ഒ. ഏബ്രഹാം, തോട്ടത്തിൽ**

# നൽകുന്നത് ലഭിക്കുന്നു

സി.എ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

നിങ്ങൾ എന്തു നൽകുന്നുവോ അത് നിങ്ങൾക്ക് തിരികെ ലഭിക്കും. ഇത് ഒരു ജീവിത സത്യമാണ്. ഇതേപ്പറ്റി ബൈബിൾ സാക്ഷിക്കുന്നു.

മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽ നിന്ന് നാശം കൊയ്യും. ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവനെ കൊയ്യും. നാം സ്നേഹം കൊടുക്കുന്നു എങ്കിൽ നമുക്ക് സ്നേഹം തിരികെ കിട്ടും. എങ്കിലും ചിലപ്പോൾ ഈ പ്രമാണത്തിന് വ്യത്യസ്ഥമായ പ്രതികരണമുണ്ടാകാം. "സ്നേഹം കൂടാതെ ഒരുത്തൻ നോമ്പു നോക്കുന്നു എങ്കിൽ അവന്റെ വ്രതത്തിന് യാതൊരു വിശേഷതയും ഇല്ല. പ്രാർത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു, സ്നേഹം അതിനെ കരേറ്റുന്നില്ല എങ്കിൽ അതിന്റെ ചിറക് ബലഹീനതയുള്ളതാകുന്നു." വലിയ നോമ്പിലെ പ്രഭാത പ്രാർത്ഥനയിൽ ഇപ്രകാരം ചൊല്ലുന്നുണ്ടല്ലോ. സ്നേഹമൂർത്തിയായ യേശുക്രിസ്തുവിന് ലഭിച്ചത് ദുഷിയും പീഡനവും കഴുമരവുമായിരുന്നു. അതൊരു സാധാരണ സംഭവമല്ല.

പീറ്ററും സൂസനും വിവാഹം കഴിഞ്ഞിട്ട് രണ്ടു വർഷം കഴിഞ്ഞു. ആദ്യ കാലത്തെ സ്നേഹവും താൽപ്പര്യവും കുറഞ്ഞുവരുന്നതായി ഇരുവർക്കും ബോധ്യപ്പെട്ടു. പീറ്ററിന് ഭാര്യയോടു വെറുപ്പും നീരസവും തോന്നി. അയാളുടെ ഇപ്പോഴത്തെ വീക്ഷണത്തിൽ സൂസൻ സ്വാർത്ഥമതിയും പൊങ്ങച്ചക്കാരിയും ദോഷൈകദൃക്കും എല്ലാമാണ്. മാത്രമല്ല ശരീരവടിവ് നഷ്ടപ്പെട്ടു. അവർ തമ്മിൽ സംസാരം അളന്നു തൂക്കി മാത്രം. ആകപ്പാടെ ഒരു ശ്വാസം മുട്ടലിന്റെ അനുഭവം, വിവാഹമോചനക്കേസുകൾ കൈകാര്യം ചെയ്യുന്ന ഒരു അറ്റോർണിയെ പീറ്റർ സമീപിച്ചു. വിവാഹമോചനത്തിന്റെ കടലാസുകൾ എല്ലാം തയ്യാറാക്കാനായിരുന്നു.

അറ്റോർണി പറഞ്ഞു പീറ്റർ, നിങ്ങളുടെ ഭാര്യയുമായി രമ്യതയിലും തീർപ്പിലും വരണമെങ്കിൽ, താങ്കൾ അവരെ ഒരു രാജ്ഞിയെപ്പോലെ പരിഗണിച്ച് അവരോട് വർത്തിച്ച് അവരുടെ പ്രീതിയും സന്തോഷവും നേടുക. മറ്റുള്ളവരിൽ നിന്നെല്ലാം അവൾ വേറിട്ടു നില്ക്കുന്നു എന്ന ഭാവം പുലർത്തുക. അങ്ങനെ രണ്ടുമാസം നിങ്ങൾ പെരുമാറിയ ശേഷം നിങ്ങളുടെ സാധന സാമഗ്രികൾ എല്ലാം എടുത്തുകൊണ്ട് അവരെ വിട്ടുപോകുക. അങ്ങനെ ചെയ്യുമ്പോൾ അവർ നിങ്ങളെ നിരാശപ്പെടുത്തുകയും പ്രയാസപ്പെടുത്തുകയും ചെയ്യുന്നതിനേക്കാൾ അധികം നിങ്ങൾക്ക് അവരെ നിരാശപ്പെടുത്തുവാൻ കഴിയും. ഈ പദ്ധതി പീറ്ററിന് വളരെ ഇഷ്ടപ്പെട്ടു. കാരണം, അവൾക്ക് നിരാശയും പ്രയാസവും ഉളവാക്കാനിടയാകും എന്നുള്ളകാര്യം.

വീട്ടിലേക്കു മടങ്ങുന്നവഴി പൂക്കടയിൽനിന്ന് റോസാപുഷ്പങ്ങൾ വാങ്ങി, ഭാര്യക്ക് ഉപഹാരമായി നൽകുന്നതിനുവേണ്ടി. അത്താഴം ഒരുക്കുന്നതിൽ അവളെ സഹായിച്ചു. പാത്രങ്ങൾ മേശപ്പുറത്ത് നിരത്തുന്നതിനു മാത്രമല്ല ഭക്ഷണത്തിനുശേഷം അവ കഴുകി തുടച്ചുവയ്ക്കുന്നതിനും പങ്കുചേർന്നു. അവൾ ഡ്രസ് ചെയ്യുന്നതിൽ അവളെ അഭിനന്ദിച്ചു. അവളെ പ്രശംസാവാക്കുകൾകൊണ്ട് വീർപ്പ് മുട്ടിച്ചു. ഒരു ദിവസം നഗരത്തിനു പുറത്ത് അവളുമൊത്ത് ഒരു ഉല്ലാസയാത്രയ്ക്ക് പരിപാടിയിട്ടു.

അങ്ങനെ മൂന്നു മാസങ്ങൾ കഴിഞ്ഞു. ഒരു ദിവസം അറ്റോർണി പീറ്ററിനെ വിളിച്ചു പറഞ്ഞു "താങ്കൾ ആവശ്യപ്പെട്ടിരുന്ന പ്രകാരം വിവാഹമോചനത്തിനുള്ള പ്രമാണങ്ങൾ ഞാൻ ഒരുക്കിയിരിക്കുകയാണ്, ഇനിയും ഒട്ടും വൈകാതെ നമുക്കത് ഫയൽ ചെയ്യണം, അതു കഴിഞ്ഞാലുടൻ തന്നെ താങ്കളുടെ വിവാഹമോചനം സാധ്യമാകും, പിന്നെ ബന്ധം നീങ്ങി ഇഷ്ടംപോലെ ജീവിക്കാം.

പീറ്ററുടെ മറുപടി, സാറെ താങ്കൾക്ക് ഭ്രാന്താണോ? ഞാൻ എന്തിന് എന്റെ ഭാര്യയെ ഉപേക്ഷിക്കണം. അവൾക്ക് എന്തു മാറ്റം സംഭവിച്ചിരിക്കുന്നു എന്നറിയാമോ? അവൾ ഇപ്പോൾ പഴയ ആളല്ല. ഇപ്പോൾ എന്തായാലും ഞാൻ സൂസന്നയെ ഉപേക്ഷിക്കുന്ന പ്രശ്നമില്ല. ഇതുകേട്ട് അറ്റോർണി ഫോണിൽകൂടി പൊട്ടിച്ചിരിച്ചു. തന്റെ നിർദ്ദേശം വളരെ ഫലപ്രദമായല്ലോ എന്നോർത്ത് സംതൃപ്തനായി.

ദയയും സ്നേഹവും നാം നീട്ടുമ്പോൾ അതി ന്റെ പ്രതികരണം നിശ്ചയമായും നന്മയ്ക്കായിട്ടായിരിക്കും.

നാം ദയവു കാണിക്കുമ്പോൾ മാറ്റം നമ്മിൽ തന്നെ ഉണ്ടാകുന്നു. ആരോടു ദയവു കാണിക്കുന്നുവോ, അവരുടെ പെരുമാറ്റത്തിലും മാറ്റമുണ്ടാകാതിരിക്കയില്ല. പരിശുദ്ധാത്മാവിന്റെ ഒൻപതു ഫലങ്ങളെപ്പറ്റി പൗലോസ് അപ്പോസ്തോലൻ പരാമർശിക്കുന്നു. അവയിൽ ഒരെണ്ണം ദയയാണ്, വിതയ്ക്കുന്നത് നാം കൊയ്യുമെന്നുള്ള തത്വം ദയയെപ്പറ്റി ചിന്തിച്ചാൽ എത്രയും സത്യമാണ്.

ഒരാൾ നൽകുന്ന നിർദ്ദേശം, ചീയാൻ തുടങ്ങിയ ഒരു ചെടിയ്ക്ക് വളവും വെള്ളവും പ്രയോഗിക്കുമ്പോൾ പൊട്ടിക്കിളിർക്കുന്നു അതുപോലെയാണ് തിന്മയ്ക്കു പകരം നന്മ നാം ചെയ്യുമ്പോൾ നമ്മുടെ ബന്ധങ്ങൾ ശക്തമാകുന്നു. ഒരാൾ നിങ്ങളോടു പരുഷമായി സംസാരിക്കുകയോ പെരുമാറുകയോ ചെയ്താൽ, സൗമ്യതയോടും ദയവോടും പ്രതി



കരിക്കാൻ കഴിഞ്ഞാൽ നിങ്ങൾ ഒരു അസാമാന്യ വ്യക്തിയാകും. നന്മയുടെ ഒരു ചെറിയ പ്രവൃത്തി കണ്ടാലും അതിനെ പ്രശംസിക്കാൻ മറന്നുപോകരുത്. ദയവിന്റെ സുകൃതം വെളിപ്പെടുത്താവുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ നമുക്കു തന്നെ ഉത്സാഹവും സന്തോഷവും അനുഭവപ്പെടും.

ഏറ്റവും ഫലപ്രദമായ ഒന്ന്, മറ്റുള്ളവർക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്, ലണ്ടനിലെ ഒരു വൈദികൻ സ്വാനുഭവം വെളിപ്പെടുത്തുന്നു. തീവണ്ടിയിലും മറ്റും യാത്ര ചെയ്യുമ്പോൾ തന്റെ സഹയാത്രികരെയെല്ലാം ശ്രദ്ധാപൂർവ്വം വീക്ഷിക്കും. അനന്തരം തലകുനിച്ച് ഓരോരുത്തർക്കും വേണ്ടി പ്രാർത്ഥിക്കും. നിശബ്ദമായി ഉള്ള ആ പ്രാർത്ഥനയ്ക്കുശേഷം തല ഉയർത്തി അവരെയെല്ലാം കാണുമ്പോൾ അപരിചിതരോ അന്യരോ ആയിട്ടല്ല, ഏതോ ബന്ധമോ അടുപ്പമോ ഉള്ളതായിട്ടാണ് അനുഭവപ്പെടുക. പ്രാർത്ഥന നമ്മുടെ ബന്ധങ്ങളെ ഉറപ്പിക്കുന്നതും ശക്തിപ്പെടുത്തുന്നതുമാണ്. അതുകൊണ്ടാണ് യേശുക്രിസ്തു കൽപ്പിച്ചത് നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവീൻ എന്ന്. അങ്ങനെ ചെയ്യുമ്പോൾ ശത്രുത അലിഞ്ഞില്ലാതാകും. ശത്രുപോലും മിത്രമായിത്തീരും. അത് സാധിക്കാൻ തക്കവണ്ണം നമ്മുടെ അഹന്തയും സ്വാർത്ഥതയും പരിത്യജിക്കാൻ സന്നദ്ധമാകണം. ●

***എഡിറ്റോറിയൽ*** *(പേജ് 4 തുടർച്ച)*

ഒട്ടും കുറവ് കാണുന്നില്ല. എന്തൊരു ആർഭാടമായിട്ടാണ് ഇന്ന് പല വിവാഹങ്ങളും മറ്റു ചടങ്ങുകളും നടക്കുന്നത്. ദൈവത്തിനു ഹിതമല്ലാത്ത എത്രയോ തിന്മകൾ ഇന്നു നടമാടുന്നു. ഈ രോഗം പടർന്നു പിടിച്ചിട്ടും മനുഷ്യ സ്വഭാവത്തിനു എന്തെങ്കിലും മാറ്റം ഉണ്ടായതായി കാണുന്നില്ല. സ്ത്രീ പീഡനങ്ങൾക്കും, അരും കൊലകൾക്കും, അടിപിടി അക്രമങ്ങൾക്കും, കവർച്ചകൾക്കും, കുടുംബ കലഹങ്ങൾക്കും, മറ്റ് ക്രൂരതകൾക്കും, ഒരു കുറവുമില്ല. പകർച്ചവ്യാധികാലത്തു ഉണ്ടായ തൊഴിൽത്തകർച്ച, ചെറുകിട വ്യാപാരരംഗത്തുള്ള തകർച്ചകൾ ഇവയൊക്കെയും സർവ്വജനത്തിന്റെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. സാമ്പത്തികദുരിതങ്ങളെ മായാവാദംകൊണ്ടും മതഭക്തികൊണ്ടും മറച്ചു പിടിക്കാനാവില്ല എന്ന തിരിച്ചറിവിൽ ക്രിസ്തീയ സഭാവിശ്വാസികളുടെ ഇടയിൽ ചിന്താക്കുഴപ്പം സൃഷ്ടിച്ച് സഭയെ ശിഥിലീകരിക്കാൻ പല പ്രസ്ഥാനങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പല സഭകളിലും ഇന്ന് ഉളവായിരിക്കുന്ന അഭിപ്രായ വ്യത്യാസങ്ങളും ശിഥിലീകരണ പ്രവണതകളും വെറും യാദൃച്ഛികങ്ങളോ നിസ്സാരങ്ങളോ അല്ല. പുറത്തു നിന്നുള്ള ആക്രമണങ്ങൾ കൊണ്ടും കാര്യം സാധിക്കുന്നില്ല എന്നു കണ്ടപ്പോൾ അടവു മാറ്റി അകത്തേക്ക് നുഴഞ്ഞു കയറിക്കൂടി ചിന്താക്കുഴപ്പങ്ങൾ സൃഷ്ടിച്ച് കാര്യം സാധിക്കാനുള്ള തന്ത്രം അവർ ഉപയോഗിക്കുകയാണ്. അതുകൊണ്ട് ദൈവജനങ്ങൾ കരുതലോടിരിക്കേണ്ട കാലമാണിത് എന്ന കാര്യം വിസ്മരിക്കാവതല്ല. "ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന നമ്മുടെ അരുമനാഥന്റെ വാഗ്ദാനം ഇത്തരുണത്തിൽ നമുക്കു ധൈര്യം പകരുന്നതിന് മതിയായതാണ്. ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല. നമ്മുടെ കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു. ആകയാൽ അവന്റെ വരവിനായി നമുക്ക് ഒരുങ്ങാം.

റഷ്യ-യുക്രെയിൻ യുദ്ധം ദൈവം നിർത്തൽ ചെയ്യുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നേതൃത്വ പഠന ശിബിരവും പ്രതിഭാവേദിയും

*യുവജന സംഘടനകൾ സമൂഹത്തിൽ വെളിച്ചം പകർന്നു കൊടുക്കേണ്ടവർ ആണെന്നും മതവിദ്വേഷവും സാഹോദര്യവും തകർക്കുന്ന ശക്തികൾക്കെതിരെ നന്മയുടെ പടവാൾ ഏന്തുന്നവർ ആകണമെന്നും മന്ത്രി ആന്റണി രാജു.*

മതസൗഹാർദ്ദത്തിനും സാഹോദര്യത്തിനും ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ യുവജന സംഘടനകൾ സ്നേഹത്തിന്റെയും ശാന്തിയുടെയും നന്മയുടെയും കരുതലിന്റെയും സന്ദേശം പകർന്നു കൊടുക്കേണ്ടവർ ആകണമെന്ന് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു പറയുകയുണ്ടായി. ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിൽ സംഘടിപ്പിച്ച നേതൃത്വ പഠന ശിബിരവും പ്രതിഭാവേദിയും ഉത്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നൻമ തിൻമകൾ വിവേചിച്ചറിയാനുള്ള പഠന ശിബിരങ്ങൾ സമൂഹത്തിന് ഏറെ ഗുണകരമായ വിധത്തിൽ സംഘടിപ്പിക്കുന്ന ക്നാനായ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണന്ന് അദ്ധ്യക്ഷത വഹിച്ച ക്നാനായ സമുദായമെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മാർ സേവേറിയോസ് അഭിപ്രായപ്പെടുകയുണ്ടായി. സമ്മേളനത്തിൽ അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ, ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം, സമുദായ സെക്രട്ടറി റ്റി.ഒ. എബ്രഹാം തോട്ടത്തിൽ, വെളിയനാട് മുൻ പഞ്ചായത്ത് പ്രസിഡന്റ് സാബു തോട്ടുങ്കൽ, ജന: സെക്രട്ടറി റോയ് പുത്തൻപുരയ്ക്കൽ, ട്രസ്റ്റി അനീഷ് റ്റി. സി. തകിടിയിൽ, കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, ജയമോൻ മേപ്രത്ത്, അനിഷ് കയ്യത്ര, ബിബിൻ കല്ലംപറമ്പിൽ, സുമിത്ത് മാക്കോന്തറ, അനു പാടകശ്ശേരിയിൽ (യൂണിറ്റ് സെക്രട്ടറി), എ.കെ. തോമസ് പടിഞ്ഞാറേതിൽ (ട്രസ്റ്റി, കുറിച്ചി പള്ളി), തോമസ് ജേക്കബ് കണ്ണാട്ടുപറമ്പിൽ (സെക്രട്ടറി, കുറിച്ചി പള്ളി) എന്നിവർ പ്രസംഗിച്ചു. പൗരോഹിത്യ ജൂബിലി ആഘോഷിച്ച ഫാ. കെ. ഒ. ജോസഫ് കരിങ്ങാട്ടിൽ, ഫാ. മോനായി കെ. ഫിലിപ്പ്, വിവിധ പ്രതിഭകൾ എന്നിവരെ യോഗം ആദരിച്ചു. സാബു താനുവേലിൽ ഡാളസ്, യു.എസ്.എ. നല്കിയ വിവാഹ മംഗല്യ ധനസഹായ വിതരണം അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിച്ചു. കേരളത്തിന്റെ വിവിധ ദൈവാലയങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പഠനശിബിരത്തിൽ പങ്കെടുത്തു. ശ്രീ. ജിജോ ചിറ്റടി നേതൃത്വ പഠന ശിബിരം നയിച്ചു. ●

# കുടിവെള്ളക്ഷാമം കാരണങ്ങൾ പരിഹാര മാർഗ്ഗങ്ങൾ

എം.പി. ജേക്കബ്, മണിമലേത്ത് മക്കപ്പുഴ

കുടിവെള്ളക്ഷാമം നമ്മുടെ നാടിന്റെ ശാപമായി മാറിയിരിക്കുകയാണ്. വർഷത്തിൽ ആറുമാസക്കാലം മഴ ലഭിക്കുന്ന കേരളത്തിന് എന്താണ് ഇങ്ങനെ ഒരു ശാപം? ഇതിനുത്തരവാദികൾ നാം തന്നെയാണ്. 44 നദികളും 2 മൺസൂണുകളും ഉള്ള കേരളത്തിൽ കുടിവെള്ളക്ഷാമം വർഷം പോകുന്തോറും വർദ്ധിച്ചു വരുന്നു. എല്ലാ സീസണിലും ചെറിയ മഴയും വലിയ മഴയും നമുക്ക് ലഭിക്കുന്നുണ്ട്. നിർഭാഗ്യവശാൽ കേരളീയർക്ക് ഇത് പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്നു. എല്ലാ വർഷവും ഏകദേശം 2500 മി.മീ.നും 3000 മി.മീ.നും ഇടയ്ക്കു മഴ കേരളത്തിൽ ലഭിക്കുന്നുണ്ട്. എന്നാൽ ഇവയെല്ലാം പാഴായിപ്പോകുന്നു. 44 നദികളും കൂടിച്ചേർന്ന് വർഷത്തിൽ 72,000 മില്യൻ ക്യുബിക്ക് മീറ്റർ ജലമാണ് സമുദ്രത്തിലേക്ക് തള്ളുന്നത്. ഈ കാരണങ്ങളാൽ മഴക്കാലത്ത് വെള്ളം പൊങ്ങുകയും വളക്കൂറുള്ള മണ്ണ് ക്രമേണ ഒലിച്ചുപോകുകയും ചെയ്യുന്നു.

ഏതെങ്കിലും ക്രിയാത്മകമായ പദ്ധതിയിലൂടെ മഴവെള്ളം ഭൂമിക്കടിയിൽ സംഭരിച്ച് അത് പ്രയോജനപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ സ്ഥിതിഗതികൾ ഏറെ ബുദ്ധിമുട്ടുളവാക്കും. കൃത്രിമമായ മാർഗ്ഗത്തിലൂടെ ഭൂമിയിൽ വീഴുന്ന മഴവെള്ളം ഒഴുകിപ്പോകാതെ, ഭൂമിയുടെ ഉള്ളിലേക്ക് താഴ്ന്ന് ഇറക്കുവാൻ സാധിച്ചാൽ ഇതിൽനിന്ന് നമുക്ക് ഒരു പരിധിവരെ മുക്തി നേടാൻ സാധിക്കും. കുറഞ്ഞ പക്ഷം 40% മഴവെള്ളമെങ്കിലും ഭൂമിയിൽ താഴ്ന്ന് ഇറങ്ങുവാൻ അനുവദിച്ചാൽ അത് ഭൂഗർഭ ജലനിരപ്പ് ഉയർത്തുവാൻ സഹായിക്കും.

നമ്മുടെ ഓരോരുത്തരുടെയും പുരപ്പുറത്ത് നിന്ന് വീഴുന്ന മഴവെള്ളം മുറ്റത്തുതന്നെ കെട്ടി നിർത്തി ഭൂമിയിലേക്ക് അരിച്ചിറങ്ങുവാൻ അനുവദിക്കുക. കൃഷിയിടങ്ങളിലും മറ്റും നിരപ്പുതട്ടുകൾ എടുത്ത് കൃഷിചെയ്താൽ അത് വെള്ളം ഒലിച്ചുപോകാതിരിക്കാൻ സഹായിക്കും. ഈ പദ്ധതിക്ക് മറ്റൊരു മേന്മ കൂടിയുണ്ട്. അതായത് ഈ നിരപ്പു തട്ടുകൾ മണ്ണൊലിപ്പ് തടയുകയും അതുവഴി കൃഷി കൂടുതൽ ആദായകരമാക്കുകയും ചെയ്യുന്നു. നമ്മുടെ മുറ്റത്തും പറമ്പിലും വീഴുന്ന വെള്ളം 10 അടി ദൂരത്തിൽ കൂടുതൽ പോകാതെ തടഞ്ഞു നിർത്തി അവിടവിടെ താഴാൻ അനുവദിക്കണം. വെള്ളം ഭൂമിയ്ക്കുള്ളിൽ ജലസംഭരണികൾ സൃഷ്ടിച്ചാൽ വേനൽക്കാലത്ത് നാം കണ്ടുവരുന്ന ജലക്ഷാമം പാടെ മാറ്റുവാൻ സാധിക്കും.

നമ്മുടെ ഓരോ കൊച്ചുഗ്രാമവും ജലസമ്പത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തമാകണം. ജലക്ഷാമം പരിഹരിക്കാനുള്ള പ്രാരംഭ നടപടികൾ നാം നമ്മുടെ വീടുകളിൽ തന്നെ ആരംഭിക്കണം. ഇങ്ങനെ ചെയ്യുന്നതിലൂടെ നാം നാലു കാര്യങ്ങളാണ് നേടുന്നത്.

1. മഴക്കാലത്ത് വെള്ളപ്പൊക്കം തടയപ്പെടുന്നു.
2. വേനൽക്കാലത്ത് ജലക്ഷാമം ഉണ്ടാകാതിരിക്കും.
3. റോഡുകൾ സംരക്ഷിക്കുന്നതിന് സാധിക്കും.
4. വളക്കൂറുള്ള മണ്ണ് ഒലിച്ചുപോകാതിരിക്കും

മഴക്കാലത്ത് ഭൂമിക്കുള്ളിൽ ജലസംഭരണികൾ ഉണ്ടാക്കുക. വേനൽക്കാലത്തെ ജലക്ഷാമം തടയുക.

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

ഇനിയൊരു പ്രതീക്ഷയുണ്ടെന്നു തോന്നുന്നില്ല. ഞാൻ പോരാട്ടം അവസാനിപ്പിക്കുകയാണ്" ഇപ്രകാരമുള്ള കടുത്ത നിരാശയുടെ വാക്കുകൾ അദ്ദേഹം ആ സമ്മേളനത്തിൽ പറയുന്നത് കേട്ട് നിശ്ശബ്ദമായി മാറിയ ആ വലിയ ജനാവലിയുടെ നടുവിൽനിന്ന് ഒരു കറുത്തവർഗ്ഗക്കാരി സ്ത്രീ എഴുന്നേറ്റു ഉറക്കെ അദ്ദേഹത്തോടു ഇപ്രകാരം ചോദിച്ചു "അല്ലയോ വില്യമേ താങ്കളെന്തിനാണ് നിരാശപ്പെടുന്നത് നമ്മുടെ യേശു മരിച്ചുപോയോ". ഈ വാക്കുകൾ കേട്ടതും അദ്ദേഹത്തിന്റെ നിരാശ മാറി പെട്ടെന്നു അദ്ദേഹം തിരിച്ചു പറഞ്ഞു "ശരിയാണ് നമ്മുടെ യേശു ഇന്നും ജീവിക്കുന്നു. കറുത്തവർഗ്ഗക്കാരായ നമുക്ക് പ്രത്യാശയ്ക്കു വകയുണ്ട് കൂടുതൽ ശക്തിയോടെ നമ്മുടെ അവകാശങ്ങൾക്കായുള്ള പോരാട്ടം തുടരാം". തുടർന്ന് നടത്തിയ പോരാട്ടങ്ങൾ ഫലം കണ്ടു. കറുത്തവർഗ്ഗക്കാർക്ക് കൂടുതൽ അവകാശങ്ങൾ ലഭിക്കുവാൻ തുടങ്ങി. അവർക്ക് മുന്നോട്ടു കുതിക്കുവാൻ ഉത്തേജനം കിട്ടിയത് "യേശു ഇന്നും ജീവിക്കുന്നുവെന്നുള്ള ആഴമേറിയ ബോധ്യം മൂലമാണ്.

യേശുതമ്പുരാൻ പറഞ്ഞു "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും." (യോഹ. 11:25). "ഞാൻ ലോകത്തിന്റെ പ്രകാശമാണ് എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല' (യോഹ.8:12).

ഈ വചനങ്ങൾ നമ്മെ ക്രിസ്തുവിലേക്ക് നോക്കുവാനും പ്രത്യാശയുള്ളവരായിത്തീരുവാനും സഹായിക്കട്ടെ. ക്രിസ്തു ഇന്നും ജീവിക്കുന്നു എന്ന ആഴമേറിയ വിശ്വാസം നമ്മെ നയിക്കട്ടെ. തിരുവചനം പറയുന്നതുപോലെ അവനിലേക്ക് നോക്കുന്നവർ പ്രകാശിതരാകും അവർക്ക് ഒരിക്കലും ലജ്ജിക്കേണ്ടി വരുകയില്ല.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്ത**

## വിവാഹിതരായി



Advt -O

റാന്നി സെന്റ് തോമസ് ക്നാനായ വലിയപള്ളി ഇടവകയിൽ കാത്തനാശ്ശേരിൽ രാജു ഏബ്രഹാമിന്റെയും ജോളി രാജുവിന്റെയും മകൻ **ജിബിൻ കെ. രാജുവും** മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ മുട്ടാനിശ്ശേരിൽ എം. ഓ. മാത്തുക്കുട്ടി (സാബു) യുടെയും ലിസി മാത്യുവിന്റെയും മകൾ **ഷിനു മാത്യുവും** തമ്മിലുള്ള വിവാഹം 03–01–2022 ൽ ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭിവന്ദ്യ കുറിയാക്കോസ് മാർ സേവേറിയോസ് തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ മന്ദമരുതി സെന്റ് തോമസ് ക്നാനായ കുരിശുപള്ളിയിൽ വച്ച് നടത്തപ്പെട്ടു.

## വിവാഹിതരായി



കുമളി മാർത്തോമ്മൻ സിറിയൻ ക്നാനായ പള്ളി ഇടവകയിൽ പഴൂർ Biju paul ന്റെയും Apolony Biju ന്റെയും മകൻ Paul B Punnoose (Appu) വും റാന്നി വലിയപള്ളി ഇടവകയിൽ Prof. K.P Peter & Jancy Peter ദമ്പതികളുടെ മകൾ Dr.Meekha Peter ഉം തമ്മിലുള്ള വിവാഹം 2022 ഫെബ്രുവരി മാസം 5 നു കുമളി മാർത്തോമ്മൻ ക്നാനായ പള്ളിയിൽ വച്ചു അഭിവന്ദ്യ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിൽ നടത്തപ്പെട്ടു.

**Best wishes & prayers**

Sheba,Alisha. Mithun,Nittu. Pothens Exide care ,Pothens Battery House
Mehr & Neve. Pothens eye care, Pothens Rose Opticals

Advt -O

# 50th Wedding Anniversary

**28-05-1972**



Advt - O

## C. T. Philip & Achamma Philip

**Charivuparambil (H)**

**Eramallikkara P. O, Thiruvanvandoor**

ഇത്രത്തോളം യഹോവ സഹായിച്ചു

Best wishes from
Childrens - Reni Abraham, Reji C Philip, Reeja Shenod, Rency Littu.
Daughter in law : Jayitha Reji
Son in law's : Reji, Shenod and Littu
Grand Children : Jerin and Capt Feaba, Jeffin, Fiona, Melisa, Adel, Abigail, Nathan and Neviah.

# 50th Wedding Anniversary


**30-04-2022**



## K. O. Uthuppan & Achamma

# 50th Wedding Anniversary

**01-05-2022**



## K. O. Mathew & Valsamma Mathew

**Chempiletu, Eraviperoor**

*Best Compliments & Prayers from*

Jiju & Jerry
Juby & Biju
Jubin, Jasleen,
Jewel, Jehiel, Jenil

Rona & Anish - Elian, Elena
Tino & Jemy - Aiden, Amy
Tigi & Kochumon
Tisi & Tittu
Neha, Nysa, serah

Advt - S

## 55th WEDDING ANNIVERSARY (14-05-1967)



## P. A. Andrews (Kunjachen) & Ammukkutty Andrews

**Chackalayil (H), Kurichy P. O., Kottayam**

മക്കൾ– **Sajini, Sajan, Sanu, Santhosh**
മരുമക്കൾ – **Lalu, Bindhu, Priya, Libi**
കൊച്ചുമക്കൾ – **Nikhila & Libin, Akhil, Christy, Krupa, Anaha, Adhith, Evan, Hanna, Elkhana, Norah**

Advt - O

## 50th WEDDING ANNIVERSARY
## 28-05-2022



## തങ്കമ്മ കുര്യൻ & കെ. കെ. കുര്യൻ

**മഠത്തുമണ്ണിൽ, പൂവൻതുരുത്ത്, കോട്ടയം**

*ആശംസകളോടെ*
*മക്കൾ – ഷാലു, ഷേബാ, ഷൈൻ. മരുമക്കൾ – ബിനു, ബിനോയി, ഷിനോ*
*കൊച്ചുമക്കൾ – ബെസ്സിൻ, ബെനീറ്റാ, ഇവാനാ, അനാമി, ഐശാനാ, സേറാ, സ്റ്റീവൻ*

Advt -O

# വിവാഹിതരായി




Advt -R

കോട്ടയം ഇറഞ്ഞാൽ സെന്റ് മേരീസ് പള്ളി ഇടവകയിൽ വാടാമറ്റത്തിൽ കുരുവിള ഫിലിപ്പിന്റെയും (**Late**), ആൻസി ഫിലിപ്പിന്റെയും മകൻ **റ്റാനു ഫിലിപ്പും (Tanu Philip)** നീലംപേരൂർ സെന്റ് ജോർജ്ജ് വലിയപള്ളി ഇടവകയിൽ കുറിച്ചി പള്ളിയ്ക്കപ്പറമ്പിൽ തോമസ് ഏബ്രഹാമിന്റെയും ഷേർളി തോമസിന്റെയും മകൾ **ഹർഷ തോമസും** തമ്മിലുള്ള വിവാഹം അഭി. കുറിയാക്കോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ കോട്ടയം വലിയപള്ളിയിൽ വച്ച് 19 – 02 – 2022 ന് നടത്തപ്പെട്ടു.

# 25 – ാം വിവാഹവാർഷികം

## 5 – 5 – 2022



## Tisha (Shiny) & Fr. Jacob

**Kallookulam,**
**Chingavanam**

ആശംസകളോടെ:
ക്രിസ്റ്റി & കെസിയ

### ഉടൻ പ്രസിദ്ധീകരിക്കുന്നു

# ഞാൻ കണ്ട വിശുദ്ധനാട്




Advt -O

## സെന്റ് ജോർജ് ക്നാനായ പള്ളി സുവർണ ജൂബിലി



അഞ്ചാനി സെന്റ് ജോർജ് ക്നാനായ പള്ളിയുടെ സുവർണ ജൂബിലിയുടെ ഭാഗമായുള്ള ദീപശിഖ പ്രയാണത്തോടു അനുബന്ധിച്ചുള്ള കത്തിച്ച ദീപശിഖ, ക്നാനായക്കാരുടെ പൂർവപിതാക്കന്മാർ ക്നായിത്തോമ്മയുടെ നേതൃത്വത്തിൽ വന്നിറങ്ങിയ കൊടുങ്ങല്ലൂരിന്റെ മണ്ണിൽ ക്നാനായ പൈതൃക സ്മാരകത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനക്ക് ശേഷം സമുദായ സെക്രട്ടറി ശ്രീ. ടി. ഓ. എബ്രഹാമിൽ നിന്നു ബഹുമാനപ്പെട്ട വികാരി ഫാ. എബി മട്ടക്കൽ ഏറ്റു വാങ്ങുന്നു. ആക്ടിങ് ട്രസ്റ്റി ശ്രീ. തോമസുകുട്ടി മറ്റയ്ക്കാട്ട്, ക്നാനായ കമ്മിറ്റി അംഗങ്ങളായ ശ്രീ. ആലിച്ചൻ ആറൊന്നിൽ, ശ്രീ. സാബു കണ്ണാട്ടിപ്പുഴ, ശ്രീ. ടി. സി. തോമസ് തോപ്പിൽ, ശ്രീ. വില്ലി വടാമറ്റം, അഞ്ചാനി പള്ളി ട്രസ്റ്റി ശ്രീ. സണ്ണി ഇ. കെ. ഇടയാടിയിൽ, സെക്രട്ടറി ശ്രീ. സാബു പാരുമലയിൽ, പള്ളി കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ സമീപം.


50TH
GOLDEN ANNIVERSARY
ABRAHAM PHILIPOSE
THANKAMMA ABRAHAM
ANURAG PUTHENPARAMBIL
CHINGAVANAM
21 May 1972
21 May 2022
Glorious Fifty Years
Congratulations, Daddy & Mummy!
Julia, Bincy Mavelil, Riya, Hanna, Raichel
Jessy, Amitha, Abel

Advt -R


KNANAYA WEDDINGS.COM
ക്നാനായ് വെഡ്ഡിംഗ്സ്
ക്നാനായ സമുദായത്തിന്റെ സ്വന്തം
മാട്രിമോണി
എറണാകുളം 70254 22 022
ചിങ്ങവനം 94461 46000
knanayaweddings@gmail.com
www.knanayaweddings.com

Advt -O



Frankfinn Institute of Air hostess Training തിരുവനന്തപുരം സെന്റർ കരമനയിൽ
ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി
ഉത്ഘാടനം നിർവ്വഹിച്ചു




Advt -O

# ക്നാനായ കോൺഗ്രസ്



1677 – ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ സ്വാഗത സംഘം ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളിയിൽ ഉദ്ഘാടനം ചെയ്യുന്നു.



ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പ്രതിഭാവേദിയും നേതൃത്വ പരിശീലന ശിബിരവും ബഹു. ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു കുറിച്ചി മാർ ഇഗ്നാത്യോസ് ക്നാനായ പള്ളിയിൽ ഉദ്ഘാടനം ചെയ്യുന്നു.

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ
**1677-ാം സിറിയൻ ക്നാനായ വാർഷിക സംഗമം**

**2022 മെയ് 21, 22**
(ശനി, ഞായർ) തീയതികളിൽ
ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളിയിൽ

## അഭിനന്ദനങ്ങൾ



## ആരോൺ മജേഷ്

**Kung-Fu & Yoga Federation of Kerala** യുടെ ആഭിമുഖ്യത്തിൽ നടന്ന ബ്ലാക്ക് ബെൽറ്റ് ഡാൻ ടെസ്റ്റിൽ **Black Belt 1 Dan** നേടിയ ആരോൺ മജേഷ് .

തിരുവൻവണ്ടൂർ സെന്റ് മേരിസ് ക്നാനായ പള്ളി ഇടവകയിൽ മഴുക്കീറ്റാട മജേഷ് മാത്യുവിന്റെയും ഷെൽജി ചാക്കോയുടേയും മകനാണ്. അഡോൺ മജേഷ് സഹോദരനാണ്.

Advt -O

## *Congratulations*



## Anika Rachel Abraham

Completed Masters in Pharmaceutical Science from Trinity College, University of Dublin, Ireland. Prior to that did her BTech (Biotechnology) from BMS College of Engineering. Bangalore.D/o Aby & Hema Abraham, Moozhikkal & member of St. Mary's Syrian Knanaya Church, Punalur & Bangalore.

Advt -O

Can you answer the following questions?
Does my child have any special talant?
Does my child have a creative bent of mind?
Is my child more intelligent than I can comprehend ?
What activity does my child enjoy being engaged in?
Is my child a auditory, visual or kinesthetic learner?
Is my child's thinking style motive or reflective?

95% Accurate*
Both Online/ Offline
41 Page report
Happy Parents

Which subject will my child find difficult?
How do I help my child concentrate?
How should my child study?
What games should my child play?
How do I best communicate with my child?

We all want our children to Succeed but how well do we really know our children?

Now in your city

Brain® Checker

Kdaithara Complex,
Near Mandiram Jn., Kurichy, Kottayam
Tel: 7736965710, 8113863389
Email: anu.joby@brainchecker.in
Facebook Page: www.facebook.com/braincheckerkottayan


BASED ON MY CHILD'S MULTIPLE INTELLGENCE ASSESSMENT
WHAT WOULD BE THE BEST CAREER PATH FOR HIM/HER

Advt -O



## 40 – ാം ചരമദിനം

15–05–2022



Advt -R

# സ്കറിയ കുറിയാക്കോസ്

കരിമ്പന്നൂർ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 7 – ാം ചരമവാർഷികം

22–05–2022



Advt -R

# പി.കെ. ഏബ്രഹാം (കുഞ്ഞുമോൻ)

പടിഞ്ഞാറേമുറിയിൽ (കുര്യൻ മെഡിക്കൽസ്)

ഐത്തല, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

# മരണാനന്തര ജീവിതം ബൈബിൾ എന്തു പഠിപ്പിക്കുന്നു.

ഓമന സഖറിയ പുതിയമഠം, യു. എസ്. എ.

ഒരാൾ മരിക്കുമ്പോൾ നാം ചോദിക്കും അവൻ എങ്ങനെ മരിച്ചെന്ന്. എന്നാൽ ദൈവം ചോദിക്കും അവൻ എങ്ങനെ ജീവിച്ചെന്ന്. മനുഷ്യനെ മരണ ഭയത്തിൽ നിന്നും മോചനം നൽകാൻ ലോകത്തിനോ സ്വന്തശരീരത്തിനോ, സ്വജനങ്ങൾക്കോ, സമ്പത്തിനോ, കഴിയുകയില്ല. മരണവേളയിൽ നമ്മെ സഹായിക്കാൻ നമ്മൾ ചെയ്തിട്ടുള്ള സുകൃതങ്ങൾക്കേ കഴിയുകയുള്ളൂ. ലോകസ്നേഹത്തിലും, ബന്ധുജനങ്ങളിലും, സ്വന്തശരീരശക്തി സൗന്ദര്യത്തിലും, ധനത്തിലും ആശ്രയിക്കുകയും, അഹങ്കരിക്കുകയും ചെയ്യുന്നത് തികച്ചും വിഡ്ഢിത്തമാണ്. അതു പലരും തിരിച്ചറിയാതെ ജീവിക്കുന്നു.

നിത്യരാജ്യത്തിലേക്കുള്ള വഴിയാത്രയിൽ നമ്മളുടെ മുതൽക്കൂട്ട് ചെയ്തിട്ടുള്ള സുകൃതങ്ങൾ ആണ്. തുരുമ്പും, കീടവും നശിപ്പിക്കാത്തതും, കള്ളൻ മോഷ്ടിക്കാത്തതുമായ അക്ഷയനിക്ഷേപമാണ് സുകൃതങ്ങൾ. അന്ത്യന്യായവിധിക്കായി ദൈവതിരുമുൻപാകെ നിലകൊള്ളുമ്പോൾ കണക്കിലെടുക്കുന്നത്, എങ്ങനെ ജീവിച്ചു, എന്തു സുകൃതങ്ങൾ ചെയ്തു, ദൈവത്തോടും, മനുഷ്യരോടും ഉള്ള ബന്ധങ്ങൾ എങ്ങനെയായിരുന്നു എന്നുള്ളതാണ്. സ്മാരകങ്ങൾ പടുത്തുയർത്തിയാലും കാലപ്പഴക്കത്തിൽ ഇല്ലാതാകും. എന്നാൽ ഒരുവന്റെ സുകൃതങ്ങൾ തലമുറകളിലേയ്ക്ക് അതിന്റെ സ്വാധീനവും, വ്യാപ്തിയും കടന്നെത്തും.

ഒരു യഥാർത്ഥ വിശ്വാസിക്ക് മരണത്തെ ഭയമില്ല. അയാൾ ചോദിക്കും "ഹേ മരണമെ, നിന്റെ വിജയം എവിടെ? വേദനിപ്പിക്കുന്ന നിന്റെ വിഷമുള്ള് എവിടെ (1 കൊരി. 15:55) മരണത്തിന്റെ ശക്തിയെ തങ്ങളുടെ രക്ഷകൻ പരാജയപ്പെടുത്തിയെന്ന് വിശ്വാസികൾ അറിയുന്നു. മരണത്തോടുകൂടി ഒരു പുതിയ ജീവിതം ആരംഭിക്കുന്നു. ആ പ്രത്യാശ നിറഞ്ഞ ജീവിതത്തെക്കുറിച്ച് "ഇതാ ദൈവത്തിന്റെ വാസം മനുഷ്യരോടുകൂടി ആയിരിക്കുന്നു. അവിടുന്ന് അവരോടു കൂടി വസിക്കും. അവർ ദൈവത്തിന്റെ ജനം ആയിരിക്കും, അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടച്ചുകളയും, മരണമോ, കരച്ചിലോ, വിലാപമോ, വേദനയോ ഇനി ഉണ്ടാവുകയില്ല (വെളിപാട് 21:34).

യേശു ഭൂമിയിലായിരുന്നപ്പോൾ തന്റെ ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞു "ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്ത് നിങ്ങൾ ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും" (യോഹ. 14:1-2). യേശുവിന്റെ ഈ വാക്കുകളെ ഉറപ്പിക്കുന്ന അനേകം വാക്യങ്ങൾ ബൈബിളിലുണ്ട് (ലൂക്കോസ്. 21, മർക്കോസ് 13, മത്തായി 24-25, യോഹ.14). അതുകൊണ്ട് ഈ വാഗ്ദത്തം അക്ഷരംപ്രതി നിറവേറ്റുമെന്നുള്ളതിൽ സംശയമില്ല. യേശു മദ്ധ്യാകാശത്തിൽ വരുമ്പോൾ യേശുവിന്റെ അനുയായികളായി ക്രിസ്തുവിൽ മരിച്ചവർ ഉയർത്തെഴുന്നേൽക്കുകയും ജീവനോട് ശേഷിക്കുന്നവർ മഹത്വീകരിക്കപ്പെട്ട ശരീരമുള്ളവരായി രൂപാന്തരപ്പെടുകയും ചെയ്യും. അങ്ങനെ ദൈവജനം യേശുവിനോടു ചേരുവാൻ മദ്ധ്യാകാശത്തിലേക്ക് മേഘങ്ങളിൽ എടുക്കപ്പെടും.

യേശു രണ്ടാമതും വരുമ്പോൾ തന്റെ ഒന്നാമത്തെ വരവിൽ നിന്നും തികച്ചും വിഭിന്നമായ രീതിയിലാണ് വരുന്നതെന്ന് ബൈബിൾ പറയുന്നു. ഒന്നാമത്തെ വരവിൽ രക്ഷിതാവായി വന്നു എങ്കിൽ രണ്ടാമത്തെ വരവിങ്കൽ ന്യായാധിപതിയായിട്ടാണു വരുന്നത്. ന്യായവിധി ദിവസത്തിൽ യേശുവിന്റെ മുമ്പിൽ മുട്ടുമടക്കിയതുകൊണ്ട് രക്ഷ പ്രാപിക്കാൻ സാധ്യമല്ല. രക്ഷപ്രാപിക്കാൻ ആഗ്രഹിക്കുന്ന ഏതൊരാളും ഈ കൃപായുഗത്തിൽ അനുതപിച്ച് പാപവഴികളെ വിട്ട് ദൈവത്തിങ്കലേയ്ക്ക് തിരിയുക. "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരു നാളും തള്ളിക്കളയുകയില്ല" എന്ന് യേശു ഉറപ്പു നൽകിയിട്ടുണ്ട്. "ഇപ്പോഴാകുന്നു സുപ്രസാധകാലം ഇപ്പോഴാകുന്നു രക്ഷാദിവസം" (2 കൊരി. 6:2). നാളത്തെ ദിവസത്തേക്ക് നീട്ടിവയ്ക്കാവുന്ന ഒരു കാര്യമല്ല ആത്മരക്ഷ എന്നുള്ളത്. കാരണം നാളെ നമ്മൾ ജീവനോടിരിക്കുമോ എന്നു പറയുവാൻ നമുക്കാകുമോ. ലോകം അതിന്റെ അന്ത്യത്തിലേയ്ക്ക് നീങ്ങുകയാണെന്ന് പല ലോക സംഭവങ്ങളോടുള്ള ബന്ധത്തിൽ നമ്മൾ കാണുന്നുണ്ടല്ലോ (യുദ്ധം, ക്ഷാമം, പകർച്ചവ്യാധി, ഭൂകമ്പം) പോകുക സമയം വൈകും മുമ്പേ യേശുവിന്റെ അടുക്കലേക്കു ചെല്ലുക. യേശു നമ്മെ രൂപാന്തരപ്പെടുത്തി ഒരു പുതിയ സൃഷ്ടിയാക്കി ത്തീർക്കും. ദൈവത്തിന്റെ ജീവന്റെ ഒരംശമാണ് നമ്മുടെ ആത്മാവ്. നിരന്തരമായ ദൈവോന്മുഖ ജീവിതത്തിലൂടെ പൂർണ്ണത പ്രാപിച്ച് മരണാനന്തരം നമ്മുടെ ആത്മാവ് ദൈവത്തിൽ എത്തിച്ചേരുന്നു.

ആത്മരക്ഷ എന്നത് തികച്ചും വ്യക്തിപരമാണ്. അവനവന്റെ ആത്മാവിനെ രക്ഷിക്കാനും നശിപ്പിക്കാനും മറ്റാർക്കും കഴിയുകയില്ല എന്നത് യാഥാർത്ഥ്യമാണ്. "ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നുന്നു" (2 കൊരി.4:16) "കാണുന്നതിനെ അല്ല കാണാത്തതിനെ അത്രെ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു. കാണുന്നതു താൽക്കാലികം, കാണാത്തതോ നിത്യം" (2 കൊരിന്ത്യർ 4:18) "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു" (ഫിലി.3:20) "അവിടെ നിന്നും യേശുക്രിസ്തു വരുമെന്ന് നാം ആകാംക്ഷയോടെ കാത്തിരിക്കുന്നു" (ഫിലി.3:20-21).

പ്രപഞ്ചരഹസ്യങ്ങൾക്കപ്പുറമുള്ള നിത്യതയുടെ നീലാകാശത്തേയ്ക്ക് ദുഃഖങ്ങളും, കെട്ടുപാടുകളുമില്ലാത്ത അനന്ത വിഹായസ്സിലേയ്ക്കുള്ള ഒറ്റപറക്കലാണ് മരണം. അവിടെ നമുക്ക് മുൻപേ പറന്നവരും, ഒപ്പം പറക്കുന്നവരും, പിമ്പേ പറക്കുന്നവരും ഉണ്ടാകും. യാതനയുടെ ലോകത്തുനിന്നുള്ള നിത്യവിമുക്തിയാണ് മരണം നമുക്ക് നേടിത്തരുന്നത്. മരണത്തോടു വിശ്വാസത്തിന്റെ സമീപനമാണ് വേണ്ടത്. കണ്ടും കേട്ടും മനസ്സിലാക്കുവാൻ നമുക്കാവില്ല. വ്യക്തമായ ക്രിസ്തീയ കാഴ്ചപ്പാടുള്ളവർക്കേ പ്രത്യാശയോടെ മരണത്തെ സ്വാഗതം ചെയ്യാനാവൂ. ദൈവാത്മാവ് അതിനു നമ്മെ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ജീവിതം ചെറുതാണ്. മരണം തീർച്ചയാണ്. നിത്യത വളരെ വലുതാണ്.

# ഡി. സേഫ്

അനൂബ് ജോൺ രാമമംഗലം

ഏഴാം ക്ലാസ്സിൽ പഠിക്കുന്ന മിടുമിടുക്കനായ ആൺകുട്ടി. പഠനത്തിൽ സമർത്ഥനായിരുന്ന അവൻ ഓൺലൈൻ ക്ലാസ്സ് കാണുന്നതിന് സ്വന്തമായി ഫോൺ ലഭിച്ചപ്പോൾ ഏറെ സന്തോഷിച്ചു. ചെറിയ തോതിൽ ഗെയിം കളിച്ചുതുടങ്ങിയ അവൻ കാലക്രമേണ നിരന്തരമായി ഗെയിം കളിക്കുവാൻ തുടങ്ങി. സ്വന്തം പിതാവിന്റെ ഫെയ്സ്ബുക്ക് അക്കൗണ്ട് ആയിരുന്നു ഗെയിമിങ്ങ് ആപ്ലിക്കേഷൻ ലോഗ് ചെയ്യാൻ ഉപയോഗിച്ചിരുന്നത്. ഗെയിം കളിച്ച് ഗെയിമിന്റെ ഉയർന്ന തലങ്ങളിൽ എത്തിയപ്പോൾ അപരിചിതനായ വ്യക്തി കുട്ടിയെ ഓൺലൈനിലൂടെ സമീപിച്ച് ഗെയിമിംഗ് അക്കൗണ്ടിന്റെ യൂസർ ഐഡിയും പാസ്‌വേർഡും നൽകുവാൻ ആവശ്യപ്പെട്ടു. പകരമായി ഒരു നിശ്ചിത തുക പണമായി നൽകാമെന്ന ഓഫറും മുന്നോട്ട് വെച്ചു. പണം ലഭിക്കും എന്ന സന്തോഷത്തോടെ അപരിചിതൻ ആവശ്യപ്പെട്ട വിവരങ്ങൾ കുട്ടി നല്കി.

പിന്നീട് ഓഫർ നൽകിയ പണം കൊടുത്തതുമില്ല. ഫേസ്ബുക്ക് യൂസർ ഐഡിയും പാസ്സ് വേർഡും ഉടൻ തന്നെ മാറ്റുകയും ചെയ്തു. കുട്ടി ഭയപ്പെട്ട് ഐഡിയും പാസ്സ്‌വേർഡും തിരിച്ച് നൽകുവാൻ ആവശ്യപ്പെട്ടപ്പോൾ അപരിചിതൻ കുട്ടിയോട് പണം ആവശ്യപ്പെട്ടു. ഭയാശങ്കയോടെ ഈ കുട്ടി കുറച്ച് പണം അപരിചിതന് അയച്ചു കൊടുത്തു. പക്ഷേ ഇദ്ദേഹം വീണ്ടും വീണ്ടും പണം ആവശ്യപ്പെട്ടുകൊണ്ടേയിരുന്നു. കുട്ടി ഈ വിവരം ആരോടും പറഞ്ഞതുമില്ല.

ആവശ്യപ്പെട്ട പണം കിട്ടാതെ വന്നപ്പോൾ ഫേസ്ബുക്ക് അക്കൗണ്ട്‌വഴി ചില നഗ്നചിത്രങ്ങൾ പ്രദർശിപ്പിക്കുവാൻ തുടങ്ങി. പിതാവ് തന്റെ സുഹൃത്തുക്കൾ വഴി വിവരം അറിഞ്ഞപ്പോൾ ഉടൻതന്നെ കുട്ടിയുമായി സംസാരിച്ച് അടുത്തുള്ള പോലീസ് സ്റ്റേഷനിൽ പരാതി നൽകി.

നമ്മുടെ കുട്ടികൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിൽ ഒന്നാണ് ഓൺലൈൻ ഗെയിം അഡിക്ഷൻ. കോവിഡ് പ്രതിസന്ധി ഇതിന്റെ ആഘാതം വളരെ വലുതാക്കി. നിരവധി കുട്ടികളാണ് ഗെയിമുകളിൽ അഡിക്ട്ഡ് ആയി ജീവിതം തന്നെ ഉപേക്ഷിക്കേണ്ടി വന്നത്. ഗെയിം കളിച്ച് മുന്നേറുന്നതിന് പണം ആവശ്യമായി വരുമ്പോൾ അത് കണ്ടെത്തുന്നതിനുവേണ്ടി എത്ര ഹീനമായ പ്രവൃത്തികളിൽ ഏർപ്പെടുന്നതിനും നമ്മുടെ കുഞ്ഞുങ്ങൾക്ക് മടിയില്ല.

ഭൂരിഭാഗം കുട്ടികളും പിതാവിന്റെയോ മാതാവിന്റെയോ മെയിൽ ഉപയോഗിച്ച് ആണ് ഗെയിം കളിക്കുന്നത്. നമ്മുടെ ബാങ്ക് അക്കൗണ്ട് നമ്പറുകളും പാസ്‌വേർഡുകളും നമ്മുടെ കുട്ടികൾക്ക് പരിചിതവുമാണ് എന്നത് നാം ഓർക്കുക. ഒട്ടനവധി മാതാപിതാക്കൾക്ക് ആണ് മക്കൾ ഗെയിം കളിച്ച് പണം നഷ്ടപ്പെട്ടിട്ടുള്ളത്. ഗൂഗിൾപേയും ഫോൺപേ പോലെ യുള്ള ആപ്ലിക്കേഷനുകൾ ഉള്ള ഫോണുകൾ നമ്മുടെ കുട്ടിയ്ക്ക് ഗെയിം കളിക്കുവാൻ കൊടുക്കുന്നതിലെ അപകടം മനസ്സിലായിക്കാണും എന്ന് കരുതുന്നു.

മുകളിൽ പ്രതിപാദിച്ചത് ഒരു കഥയല്ല. കേരള പോലീസ് രജിസ്റ്റർ ചെയ്ത ഒരു കേസ് ആണ്. ഇത്തരത്തിൽ ധാരാളം കേസുകൾ നമ്മുടെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കംപ്ലെയിന്റ് നൽകാത്തത് അതിലധികവും ഉണ്ട്. ഇത്തരം കേസുകൾ സംഭവിച്ചാൽ നാം ചെയ്യേണ്ട കാര്യങ്ങൾ നമുക്ക് പരിശോധിക്കാം.

## Technical Aspects

1. ഫെയ്സ്ബുക്കിലോ മറ്റ് ഇതര സമൂഹ മാധ്യമങ്ങളിലോ ഷെയർ ചെയ്ത അശ്ലീല ചിത്രങ്ങളുടെ സ്ക്രീൻ ഷോട്ട് എടുക്കുക.

(2) പണം കൊടുക്കുന്ന അക്കൗണ്ട് വിവരങ്ങൾ സൂക്ഷിച്ച് വെക്കുക.

(3) നമ്മുടെ ഫേസ്ബുക്ക് ഹാക്ക് ചെയ്താൽ വിവരം ഫേസ്ബുക്കിന് റിപ്പോർട്ട് ചെയ്യുക.

(4) ചതിയിൽ പെട്ടാൽ ഉടൻ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുക.

**മുന്നൊരുക്കങ്ങൾ**

(1) രക്ഷിതാക്കളുടെ ഫോൺ കുട്ടികൾക്ക് ഗെയിം കളിക്കാൻ കൊടുക്കാതിരിക്കുക. സോഷ്യൽ മീഡിയ അക്കൗണ്ടുകൾ തുറന്ന് ഇട്ട് കൊടുക്കാതിരിക്കുവാൻ ശ്രദ്ധിക്കുക.

(2) ഫേസ്ബുക്ക് 2 ഫാക്ടർ ഓതന്റിഫിക്കേഷൻ ചെയ്യുക.

(3) ഓൺ ലൈൻ ബാങ്കിംഗ് പാസ്‌വേർഡ് കുട്ടികൾക്ക് ഒരു കാരണവശാലും നൽകരുത്.

(4) നമ്മുടെ ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് വിവരങ്ങൾ ഫോണിൽ സേവ് ചെയ്ത് ഇടാതിരിക്കുക

(5) സാധിക്കുമെങ്കിൽ ബാങ്കിംഗ് ആവശ്യങ്ങൾക്ക് മറ്റൊരു ഫോൺ ഉപയോഗിക്കുക.

(6) കുട്ടികൾക്ക് പ്രത്യേക മെയിൽ ഐഡി ഉണ്ടാക്കി നൽകുക.

## Legal Aspects

(1) മുകളിൽ പ്രസ്താവിച്ച കേസ് ചീറ്റിംങ്ങ് ആന്റ് ഹാക്കിങ്ങ് ആണ്. കൂടാതെ നഗ്നദൃശ്യങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഐടി ആക്ട് ഐ.പി.സി.യും ഇതിൽ ബാധകമാണ്.

**സാമൂഹ്യ മനഃശാസ്ത്ര ഇടപെടൽ**

(1) കുട്ടിയോട് സ്നേഹത്തിൽ ഇടപെടുക.

(2) കുട്ടിക്ക് ഒപ്പം ഉണ്ട് എന്ന കരുതലും പ്രശ്നം പരിഹരിക്കാം എന്ന് ഉറപ്പും നല്കുക.

(3) കുട്ടിക്ക് സഹായമായി കൂടെ ഉണ്ടാകും എന്ന് മാതാപിതാക്കൾ ഉറപ്പ് നൽകുക.

(4) കുട്ടിയെ മാനസികമായി പിൻബലം നൽകുന്നതിന് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സഹായം തേടുക.

*(കേരള പോലീസ് UNICEF സഹായത്തോടെ നടത്തുന്ന D. സേഫ് പ്രോജക്ടിന്റെ മാസ്റ്റർ ട്രെയിനർ ആണ് ലേഖകൻ)*



# 2022 -ചില കരിയർ പാഠങ്ങൾ

സുനിൽ ഡി. കുരുവിള

"A little learning is a dangerous thing.
Drink deep, or taste not the Pierian Spring...."!

മക്കളെ ആരാക്കണം എന്ന കാര്യത്തിൽ മിക്ക മാതാപിതാക്കളും ആശങ്കയിലാണ്. കുട്ടികളും ഏതു വഴി തിരഞ്ഞെടുക്കണം എന്നറിയാതെ പലപ്പോഴും ബുദ്ധിമുട്ടുന്നു. ഈ ആധുനിക കാലത്തും ഡോക്ടർ എഞ്ചിനിയറിനു അപ്പുറത്തേയ്ക്ക് ചിന്തിക്കാൻ പോലും കഴിയാത്ത അനേകർ. ഇത്തരം സന്ദർഭങ്ങളിലാണ് 'ചന്ത' നമ്മുടെ ചിന്തക്കുമേൽ ആധിപത്യം സ്ഥാപിക്കുന്നത്. പഠിക്കാൻ മിടുക്കുള്ളതുകൊണ്ടുമാത്രം ആരും ഡോക്ടറാവേണ്ടതില്ല. അത്തരം ഒരു കർമ്മമേഖല ആസ്വദിക്കാനും ഉയർന്ന സംഭാവന നൽകാനും കഴിയുന്നവർ ആ രംഗത്ത് വരട്ടെ. "ഡോക്ടർ ആവാൻ പഠിച്ചു രോഗി ആവാതിരിക്കാൻ ശ്രദ്ധിച്ചാൽ നന്ന്"!

താൽപര്യവും അഭിരുചിയും മൂല്യബോധവും അദ്ധ്വാനവും സമ്മേളിക്കുമ്പോൾ മാത്രമേ നാം ഒരു രംഗത്ത് വിജയിക്കുകയുള്ളൂ. നല്ലൊരു ശതമാനം കുട്ടികൾക്ക് എൻട്രൻസ് കോച്ചിംഗ് ഗുണത്തിൽ ഏറെ ദോഷം ചെയ്യുന്നു. വിദ്യാഭ്യാസത്തിലൂടെ നേടേണ്ട വ്യക്തിത്വ വികസനം നടക്കാതെ പോകുന്നു. നല്ല വ്യക്തിയിലെ നല്ല ഡോക്ടറും എഞ്ചിനിയറും ഒക്കെ നിലനിൽക്കൂ!

ചാർട്ടേർഡ് അക്കൗണ്ടൻസിക്ക് 'സ്കോപ്പ്' ഉണ്ടോ എന്ന് തിരക്കുന്നതിൽ കൂടുതൽ സമയം CA എനിക്ക് പറ്റിയ കോഴ്സ് ആണോ എന്ന് മനസ്സിലാക്കുക. കണക്കിന് നല്ല കഴിവുള്ള കുട്ടികളും നന്നായി അദ്ധ്വാനിക്കാൻ മനസ്സുള്ളവരും ആദ്യമൊക്കെ പരീക്ഷ ഒന്ന് തോൽക്കാൻ മടിയില്ലാത്തവരും ആയിരിക്കണം.

CA പഠിക്കേണ്ടത് കോസ്റ്റ് അക്കൗണ്ടൻസിയും കമ്പനി സെക്രട്ടറി (CS) ഒക്കെ മികച്ച കരിയർ തരുന്ന മേഖലകൾ ആണ്. ഇതിന്റെ ഒക്കെ 'foreign' പതിപ്പുകൾ വലിയ ഗുണം ചെയ്തു എന്നുവരില്ല. നിയമം, എക്കണോമിക്സ്, ഹോട്ടൽ/ഹോസ്പിറ്റാലിറ്റി, ലാംഗ്വേജ് എന്നിവ അതാതു രംഗത്ത് കഴിവും താൽപര്യവും ഉള്ളവർക്ക് പഠിച്ചു നല്ല കരിയർ സൃഷ്ടിക്കാം. എല്ലാവരും എഞ്ചിനീയർ ആവണമെന്നില്ല. ഫിസിക്സ്, മാത്സ് വിഷയങ്ങളിൽ മികച്ച കഴിവുള്ളവർ മാത്രം എഞ്ചിനിയറിംഗ് രംഗത്ത് പഠിക്കുക. പഠനകാലത്തു ഉയർന്ന വ്യക്തിത്വ വികസനവും ആശയവിനിമയ പാടവവും ഉറപ്പാക്കിയെങ്കിലേ തൊഴിൽ നേടാൻ കഴിയൂ.

"തോറ്റ എഞ്ചിനീയറിനെക്കാളും നല്ലതു ജയിച്ച ഒരു ഇലക്ട്രീഷ്യനോ പ്ലംബറോ അല്ലേ? ചിന്തിക്കാം"!

എല്ലാവരും പ്രൊഫഷണൽ കോളേജുകളിലേക്കു പോകണമെന്നില്ല. ആർട്സ് & സയൻസ് കോളേജുകളിൽ നിന്ന് ബിരുദം നേടുന്നവർക്കും മികച്ച സാദ്ധ്യതകൾ സൃഷ്ടിക്കാൻ കഴിയും. അന്യ സംസ്ഥാനങ്ങളിലെ 'മുന്തിയ' കോളേജ്/യൂണിവേഴ്സിറ്റികളിലൊക്കെ കുട്ടികളെ വിടുന്നതിനു മുൻപ് എല്ലാം നന്നായി മനസ്സിലാക്കുക. ജോലി സാദ്ധ്യത പരിഗണിക്കുമ്പോൾ തന്നെ ജോലി ചെയ്യേണ്ടതു നമ്മളുടെ കുട്ടിയാണ് എന്നുകൂടി ചിന്തിച്ചു വേണം കരിയർ പ്ലാൻ ചെയ്യാൻ. കുട്ടികൾക്ക് പ്രത്യേകിച്ച് 9-ാം ക്ലാസ്സു മുതൽ ഉള്ളവർക്ക് കരിയർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ട ആവശ്യമുണ്ട്. അവനവൻ ആരാണ് എന്ന് തിരിച്ചറിയുന്നതിനും ആരാവണം.... അതിലേക്കുള്ള വഴിയെന്ത്...എവിടെ പഠിക്കണം.... ഡെവലപ്പ് ചെയ്യേണ്ട സ്കിൽസ് എന്തെല്ലാം.... തുടങ്ങി ധാരാളം കാര്യങ്ങൾ കുട്ടികളും മാതാപിതാക്കളും മനസ്സിലാക്കേണ്ടതുണ്ട്. കൂടാതെ ശരിയായ കരിയർ അവബോധം കുട്ടികളുടെ പഠനവും ജീവിതത്തോടുള്ള സമീപനവും മെച്ചപ്പെടുത്തും. കച്ചവട താൽപര്യം മാത്രം മുൻനിർത്തി നടത്തുന്ന 'ഉപരിപഠന സെമിനാർ' Exhibition ഒക്കെ വലിയ ചതിക്കുഴികളായേക്കാം. സൂക്ഷിക്കുക. 'വിദഗ്ദ്ധ' മാർഗ്ഗനിർദ്ദേശം എല്ലാം അത്ര വിദഗ്ദ്ധമല്ല.

പാരാ മെഡിക്കൽ കോഴ്സുകൾ എല്ലാം മികച്ചവയല്ല. അഭിരുചി ഇല്ലാത്തവർക്കും നല്ല സ്ഥാപനങ്ങളിൽ പഠിക്കാത്തവർക്കും പിന്നീട് ഭാവി 'പാര' ആയേക്കാം. സൈക്കോളജി, ഫോറൻസിക് സയൻസ്, ഏവിയേഷൻ, Pharm D. മുതലായ കോഴ്സുകൾ കണ്ണും അടച്ചുപോയി ചേരേണ്ടതില്ല.

ജേർണലിസം, ബയോ ടെക്നോളജി, ആസ്ട്രോ ഫിസിക്സ്പോലുള്ള കോഴ്സുകൾ ബിരുദതലത്തിൽതന്നെ പഠിക്കണമെന്നില്ല.

അതൊക്കെ ബിരുദശേഷം 'സ്പെഷ്യലൈസ്' ചെയ്യുന്നതാവും ഉചിതം.

A+ ഉം ജീവിത വിജയവുമായി ഒരു ബന്ധവും ഇല്ല. അടുത്ത സ്റ്റെപ്പ് കൃത്യമായി പ്ലാൻ ചെയ്യുക. ഇഷ്ടപ്പെട്ട വിഷയം എടുത്തു ബിരുദം പഠിക്കാം. പോളിടെക്നിക്, വിവിധ ട്രേഡുകൾ ഒക്കെ പഠിക്കാം. പ്രിന്റിംഗ്, ഫോട്ടോഗ്രാഫി, കുക്കിംഗ്, ടൈലറിംഗ്, ബ്യൂട്ടീഷ്യൻ, ആർട്സ്, multimedia അങ്ങനെ സമൂഹത്തിൽ ആവശ്യമുള്ളതെന്തും പഠിക്കാം.

സ്വയം തൊഴിൽ കണ്ടെത്താം. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലകളിലൊക്കെ പ്രവർത്തിക്കാം. കലയും, കായികവുമൊക്കെ കരിയർ ആക്കി മാറ്റാം. കൃഷി ഫാർമിംഗ് മൃഗസംരക്ഷണം ഒക്കെ അഭിരുചിയുള്ളവർക്കു മികച്ച അവസരമാണ്. നല്ല വ്യക്തിത്വവികസനം, അറിവ്, നേതൃത്വപാടവം, ആശയവിനിമയശേഷി ഇവ നമ്മെ കൂടുതൽ ഉയരങ്ങളിലേയ്ക്ക് എത്തിക്കും

കൃത്യമായ ലക്ഷ്യമോ ഫോക്കസോ ഇല്ലാതെ ഒരു ബിരുദം പഠിക്കാൻ പോയാൽ...വലിയകുഴപ്പമില്ല. എന്നാൽ അങ്ങനെ ഒരു ബിരുദാനന്തര ബിരുദം (Masters) ചെയ്താൽ ഉള്ള സാധ്യതയും കൂടി ഇല്ലാതാകും. പലരും കരുതുന്നത്



post graduation കൂടുതൽ അവസരം തരുമെന്നാണ്; എന്നാൽ വാസ്തവം മറിച്ചാണ് – പഠിക്കാൻ പോകും മുൻപ് കൃത്യവും വ്യക്തവുമായ ആസൂത്രണം അനിവാര്യം.

വലിയ തൊഴിലില്ലായ്മ നേരിടുന്ന മേഖലയാണ് MBA. പലപ്പോഴും ഉദ്യോഗാർത്ഥിയുടെ നൈപുണ്യങ്ങളുടെ കുറവാണ് ഒരു പ്രധാന പ്രശ്നം. നല്ല പ്ലാനിംഗ് ഇല്ലാത്തതും ഒരു പ്രശ്നം തന്നെ. ഏതു മേഖലയിലാണ് ജോലി ചെയ്യേണ്ടത് എന്നൊക്കെ നേരത്തെ മനസ്സിലാക്കി മുൻപോട്ടു പോയാൽ നന്ന്. അതനുസരിച്ച് Project, Internship ഒക്കെ പ്ലാൻ ചെയ്യാം. Specialisation ഒക്കെ എടുക്കുമ്പോൾ അവരവരുടെ വ്യക്തിത്വത്തിനും നൈപുണ്യങ്ങൾക്കും ഒക്കെ ചേരുന്നത് തിരഞ്ഞെടുക്കാം.

ഉയർന്ന നിലവാരമുള്ള Business സ്കൂളുകൾ students നെ നന്നായി develop ചെയ്യും; placements ഉം ഉണ്ടാകും. നിലവാരം കുറഞ്ഞ MBA പലപ്പോഴും ബാധ്യതയാകും.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തു നന്നായി ആസൂത്രണം ചെയ്യുന്നവർക്കേ മികച്ച നേട്ടം കൊയ്യാനാവുകയുള്ളൂ. കുട്ടിക്കാലത്തു തന്നെ നല്ല മനോഭാവവും അദ്ധ്വാനശീലവും അറിവും നൈപുണ്യങ്ങളും വളർത്തിയെടുക്കുക. അച്ചടക്കം, ആത്മവിശ്വാസം, ആശയവിനിമയപാടവം എന്നിവ നിങ്ങളെ ബഹുദൂരം മുന്നിൽ എത്തിക്കും. തീരുമാനങ്ങൾ എടുക്കാനുള്ള കഴിവും പ്രശ്നങ്ങളെ നേരിടാനുള്ള ധൈര്യവും പ്രതിസന്ധികളെ തരണം ചെയ്യാനുള്ള വിശ്വാസവും ഉയർന്ന കരിയറുകൾ ആഗ്രഹിക്കുന്നവർ നേടിയെടുക്കണം.

"Find out what you like doing best and get someone to pay you for doing it".

ജീവിതത്തിൽ വിജയിക്കുന്നതാണ് പ്രധാനം. അതിനായി നല്ല ആസൂത്രണവും തീരുമാനങ്ങളും എടുക്കാൻ കഴിയട്ടെ.

തുടർപഠനം ക്രമീകരിക്കുവാൻ പ്രയാസമുള്ള വിഷയങ്ങൾ ഒഴിവാക്കാം. അവനവന്റെ കഴിവും അഭിരുചിയും താല്പര്യവും തിരിച്ചറിഞ്ഞു മുന്നേറാം. ഏതു കോഴ്സ് പഠിക്കുന്നു എന്നുള്ളത് മാത്രമല്ല ഏറ്റവും ഗൗരവമേറിയ വിഷയം; എവിടെ പഠിക്കണം.. എങ്ങനെ പഠിക്കണം... എത്രമാത്രം പഠിക്കണം.

വളർത്തേണ്ട നൈപുണ്യങ്ങൾ...ആ രംഗത്തെ ഉപരിപഠന സാദ്ധ്യതകൾ...തൊഴിൽ സാദ്ധ്യതകൾ...തൊഴിൽ സ്വഭാവം.... ഇതാണ് ശരിയായ കരിയർ ഗൈഡൻസും ആസൂത്രണവും! ആശംസകൾ! ജീവിതത്തിനാവട്ടെ എ+!!!

*(സുനിൽ ഡി. കുരുവിള ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും; പ്രമുഖ മാനവശേഷി വികസന പരിശീലകനും കൗൺസിലറും കരിയർ ഗൈഡുമാണ്. സെൽ ഫോൺ നമ്പർ +91 9656144712. 'Sunil kuruvilla' എന്ന You Tube ചാനലിലും ലഭ്യമാണ്).*

# സ്നേഹം

**പുളിങ്കുന്ന് ലൂക്കാ**

ദുഃഖാശ്രൂ വ്യൂഹത്താൽ
കേഴുമൊരു അശ്രുവായി
പോകുന്നു വിരഹത്തിൽ
മിഴിനീരും തൂകി
കരയുമൊരു ആഷാഢമാസമായി
പെയ്യുന്നുവർഷം, സ്നേഹവർഷം
ഒഴുകും പ്രവാഹിനി, പ്രവാഹമായി,
ആ സ്നേഹപ്രവാഹം ജീവന്റെ ജീവനായി
ആത്മാവിനെതഴുകി പുൽകിടുമ്പോൾ
അറിയാതെ നിർവൃതിയേകീടുന്നു
അകതാരിൽ സ്നഹത്തിൽ കുളിർത്തെന്നലായി,
സ്നഹം, സ്നേഹം, അനന്തമാം സ്നേഹം
അനന്തവിഹായസ്സിലണയാത്ത സ്നേഹം,
ആ സ്നേഹം, ദിവ്യം, പരിപാവനം
അത് ഏകുന്നുനിത്യമാം പൂവസന്തം
ആ വസന്തത്തിൻ പൂവണിഞ്ഞീടുവാൻ
വന്നിടൂ പൂവിട്ടു, പൂക്കാലമായി
വസന്തങ്ങൾ വന്നിട്ടും സ്നേഹത്തെ സ്മരിക്കാത്ത
ആ മർത്യ മനസ്സിലേ അഹന്തഭാവം
അത് പറഞ്ഞാലും തീരാത്ത സത്യമായി
വിതുമ്പുന്ന സ്നേഹാശ്രുഗദ്ഗദമായി
ആ ഗദ്ഗദം അത് ആത്മാവിൻ സാന്ത്വനം
ആ സാന്ത്വനത്തിന്റെ സാഫല്യമാകുവാൻ
വിളിക്കുന്നു ചേതന നിന്നെയും പേറി
നീതന്നെ ഹൃദയമാം കോവിലിൽ വാഴും
സത്യമാം ദൈവവും, നിത്യമാം ശാന്തിയും
നിന്നിലയിയുമ്പോൾ സർവ്വവും മറന്ന്
പാടുന്നു ദൈവമേ നിൻ നാമകീർത്തനം,
നീ അല്ലേ ഈശ്വര സാഫല്യമേകുവാൻ
സായൂജ്യമായി വന്ന പൊൻതിങ്കൾ
നിന്നെവിളിക്കുന്നു എന്നും വിളിക്കുന്നു
വന്നിടു സ്നേഹമേ വിശ്വപ്രകാശമായി.

**വസ്തു വില്പനയ്ക്ക്**

പേട്ട- ചെമ്പൻമുഖം റോഡിൽ ഒന്നേകാൽ കി. മീ. ദൂരപരിധിയിൽ റോഡ് സൈഡിൽ 17 സെന്റ് സ്ഥലം വില്പനയ്ക്ക്

Contact - 8301053967, 9495814820



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**വികാരനിയന്ത്രണം**

മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളിൽ ഏറ്റവും പ്രസക്തമായവയിൽ ഒന്നാണ് വികാരനിയന്ത്രണം. ഇതിനെക്കുറിച്ച് ചായകുടിച്ചു കഴിഞ്ഞ് ചർച്ച ചെയ്യാം. അച്ചൻ പറഞ്ഞതും ടോണിയുടെ വക കമന്റ് വന്നു.

“അച്ചോ, കുടിയുടെ കൂടെ കടിയുണ്ടോ?”

“പിന്നെന്താ, കടിയും തന്നേക്കാം. നല്ല ഒന്നാന്തരം പരിപ്പുവട തയ്യാറാക്കിയിട്ടുണ്ട്. എന്താ ടോണിക്ക് സന്തോഷമായിക്കാണുമല്ലോ''. അച്ചന്റെ മറുപടി എല്ലാവർക്കും ഉത്സാഹം വർദ്ധിപ്പിച്ചു. ചായ കുടിച്ചു കഴിഞ്ഞ് നാലു മണിയായപ്പോൾ എല്ലാവരും ഹാളിൽ പ്രവേശിച്ചു. അച്ചൻ തുടർന്നു.

കുഞ്ഞുങ്ങളുടെ മുൻപിൽ പൊട്ടിത്തെറിക്കുന്നവരാണ് ഭൂരിപക്ഷം മാതാപിതാക്കളും. ശരിയായ അറിവുള്ള മാതാപിതാക്കൾ കുഞ്ഞുങ്ങൾ വ്യസനിക്കുവാൻ തക്കവണ്ണം അവരുടെ മുൻപിൽ വികാര നിയന്ത്രണമില്ലാതെ പെരുമാറില്ല. കുഞ്ഞുങ്ങളുടെ മേൽ കടുത്ത ശിക്ഷാനടപടികൾ കൈക്കൊള്ളുക, മാതാപിതാക്കൾ പരസ്പരം വഴക്കടിക്കുക, മദ്യപിച്ച് കോപ്രായങ്ങൾ കാണിക്കുക, വാശിയോടെ മറ്റുള്ളവരുടെ കുറ്റങ്ങൾ പറയുക, പരസ്പരം ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിക്കുക തുടങ്ങി നിരവധി കാര്യങ്ങൾ ചിലരുടെ ഭാഗത്ത് നിന്നുണ്ടാകാറുണ്ട്. തൽഫലമായി കുഞ്ഞുങ്ങളുടെ മനസ്സ് നൊമ്പരപ്പെടും.

നല്ല മാതാപിതാക്കൾ കുട്ടികൾക്ക് നൽകുന്ന ഏറ്റവും നല്ല സമ്മാനം നല്ല ദമ്പതികളായി അവരുടെ മുൻപിൽ ജീവിച്ചു കാണിക്കുക എന്നതാണ്. ആത്മസംയമനത്തോടെ മക്കളോട് ഇടപെടുന്ന മാതാപിതാക്കൾ വികാരനിയന്ത്രണത്തിന്റെ പ്രസക്തി മക്കളെ അഭ്യസിപ്പിക്കുകയാണ്. മനുഷ്യൻ പല അവസരങ്ങളിലായി പലതരത്തിലുള്ള വികാരങ്ങൾക്ക് വിധേയരാകാം. പക്ഷേ എല്ലാ അവസരങ്ങളിലും ആത്മ നിയന്ത്രണം പാലിക്കുകയാണെങ്കിൽ കുട്ടികൾക്ക് തെറ്റായ സാക്ഷ്യം ആകുകയില്ല. അനിയന്ത്രിതമായ വികാര പ്രകടനങ്ങൾകൊണ്ട് ഒന്നും നേടാൻ കഴിയില്ല.

വികാരജീവികളാകാതെ മാതാപിതാക്കൾ വിവേകമതികളും പക്വമതികളും ആയിരിക്കണം മക്കളുടെ മുൻപിൽ. വിവിധ ജീവിതാനുഭവങ്ങളിലൂടെ മനുഷ്യൻ കടന്നു പോകുമ്പോൾ വിവേകത്തോടെ അങ്ങനെയുള്ള സന്ദർഭങ്ങളെ കാണണം. മക്കൾ മാതാപിതാക്കളുടെ സ്വഭാവം പിൻപറ്റുന്നവരാണ്. ടോണി പറഞ്ഞു:

“അച്ചോ കണ്ണൻവാഴയുടെ ചുവട്ടിൽ പൂവൻ വാഴ വിത്തുകളില്ലെന്നൊരു ചൊല്ലുണ്ടല്ലോ”.

റ്റിജോയുടെ കമന്റ് പെട്ടെന്നായിരുന്നു.

“ടോണിയുടെ മകനെ കാണുമ്പോൾ എനിക്കങ്ങനെ തോന്നാറുണ്ട്”

ഒരു കൂട്ടച്ചിരിയായിരുന്നു അവിടെ ഉയർന്നത്.

ടോണിയെ സമാധാനിപ്പിക്കാൻ അച്ചൻ പറഞ്ഞു.

“ടോണിയുടെ കാര്യത്തിൽ മാത്രമല്ല; എല്ലാവരുടെയും കാര്യത്തിൽ ഈ ചൊല്ലിന് ഒരു പ്രസക്തിയുണ്ട്”.

നല്ല മാതാപിതാക്കൾ ആത്മനിയന്ത്രണം ഉള്ളവരായിരിക്കും. വികാരങ്ങളെ നിയന്ത്രിക്കുന്ന ആത്മസംയമനം ഉള്ള മാതാപിതാക്കൾ മക്കൾക്ക് നല്ല മാതൃകയാണ്. കോപം, നിരാശ തുടങ്ങിയ പ്രതികൂല വികാരങ്ങൾ അതിരുവിടാൻ ഇടയാകരുത്. കുട്ടികൾ മാതാപിതാക്കളെ സൂക്ഷ്മമായി നിരീക്ഷിക്കുന്നവരാണെന്ന വസ്തുത നാം ഓർക്കണം. മാതാപിതാക്കൾ വികാരനിയന്ത്രണം ഇല്ലാത്തവരായാൽ മക്കളും ആ പാത പിൻതുടരും. അതവരെ സമൂഹത്തിൽ ഒറ്റപ്പെടുത്തുകയും തെറ്റിലേയ്ക്ക് നയിക്കുകയും ചെയ്യും. വികാരനിയന്ത്രണത്തിൽ കഴിവില്ലാത്തവരെ മറ്റുള്ളവർ കൂട്ടത്തിൽ കൂട്ടുകയില്ല. വികാരം നിയന്ത്രിക്കാൻ കഴിയാതെ മക്കളെ ശാസിക്കുന്നതും ശിക്ഷിക്കുന്നതും വിപരീതഫലം ഉളവാക്കും.

രോഷാകുലരാകുന്ന കുട്ടികളാണ് നിങ്ങളുടേതെങ്കിൽ അവരുടെ വികാരവിസ്ഫോടനത്തിന്റെ കാരണം തിരിച്ചറിഞ്ഞ് ശാന്തരായി അവരെ തിരുത്തുവാൻ ശ്രമിക്കുന്നതാണ് വിവേകം. അല്ലാതെ കുട്ടികൾ കോപിക്കുമ്പോൾ മാതാപിതാക്കളും അതേ നാണയത്തിൽ പ്രതികരിച്ചാൽ കുട്ടികളുടെ ദേഷ്യം കൂടുകയേയുള്ളൂ. മാതാപിതാക്കളുടെ ക്ഷമാശീലം

മക്കളിലേയ്ക്ക് വ്യാപിക്കും. വികാരമതികളല്ല; വിവേകമതികളാകണം. വൈകാരിക പക്വത (emotional maturity) കൈവരിച്ച മാതാപിതാക്കളുടെ മക്കൾ പക്വമതികളാകും.

പ്ലസ് വൺ വിദ്യാർത്ഥിയായ എഡ്‌വിൻ പഠിക്കുവാൻ സമർത്ഥനാണെങ്കിലും ക്ഷിപ്രകോപിയാണ്. വളരെ പെട്ടെന്ന് ചൂടാകുന്ന പ്രകൃതമായതിനാൽ സഹപാഠികൾ അവനെ ഒഴിവാക്കാൻ ശ്രമിക്കും. കളികളിൽ ഏർപ്പെടുമ്പോൾ ടീമിലുള്ള ഏതെങ്കിലും വ്യക്തി വീഴ്ച വരുത്തിയാൽ അതു കാരണം കളിയിൽ തോറ്റുപോയാൽ എഡ്‌വിൻ ക്ഷമിക്കുകയില്ല. എഡ്‌വിന്റെ കോപം കാരണം കളി മുൻപോട്ട് കൊണ്ടുപോകാൻ കഴിയാതെ വരും. കളി sportsman spirit ൽ എടുക്കില്ല. ഒന്നു പറഞ്ഞ് രണ്ടാമത്തേതിന് ദേഷ്യമാണ്. അനിയന്ത്രിതമായ കോപം കാരണം അദ്ധ്യാപകർ പോലും ഒരു പരിധിയിൽ അപ്പുറം എഡ്‌വിനോട് സംസാരിക്കാറില്ല.

ഒരു ദിവസം ഹോംവർക്ക് ചെയ്യാതിരുന്നതിന് Maths teacher വഴക്കു പറഞ്ഞു. സ്ഥിരമായി ഹോംവർക്ക് ചെയ്യുന്ന ആൾ ആയിരുന്നതിനാൽ തലെ ദിവസത്തെ വീട്ടിലെ സ്ഥിതി വിശേഷം കാരണമാണ് ഹോംവർക്ക് ചെയ്യാൻ കഴിയാതിരുന്നതെന്ന് എഡ്‌വിൻ പറയുകയുണ്ടായി. എന്നാൽ എഡ്‌വിന്റെ വിശദീകരണം ശ്രദ്ധിക്കാതെ ടീച്ചർ വീണ്ടും എഡ്‌വിനെ കുറ്റപ്പെടുത്തി സംസാരിച്ചു. നിയന്ത്രണം വിട്ട എഡ്‌വിൻ തന്റെ ബുക്ക്സ് എടുത്തെറിഞ്ഞ് പൊട്ടിത്തെറിച്ചു. ടീച്ചറും കുട്ടികളും അത്ഭുത സ്തബ്ദരായിപ്പോയി. ടീച്ചർ പ്രിൻസിപ്പലിന്റെ ഓഫീസിൽ പരാതി പറഞ്ഞു. എഡ്‌വിനെ സസ്പെന്റ് ചെയ്തു. പിറ്റേദിവസം മാതാപിതാക്കളുമായി വരണമെന്ന് നിഷ്ക്കർഷിച്ചു. എഡ്‌വിന് പ്രത്യേകിച്ച് ഭാവഭേദമോ കുറ്റബോധമോ  ഇല്ല. വളരെ കൂളായിട്ട് സ്കൂൾ വിട്ടുപോയി. ഒരിക്കലും ഒരു വിദ്യാർത്ഥിയും അങ്ങനെ പ്രതികരിക്കാൻ പാടില്ല. മാത്രമല്ല അതിനുള്ള സാഹചര്യവും അവിടെയില്ല. എങ്കിലും എഡ്‌വിന്റെ പ്രതികരണ ശൈലി അദ്ധ്യാപികയെയും വല്ലാതെ അത്ഭുതപ്പെടുത്തി.

പിറ്റേദിവസം എഡ്‌വിൻ  യാതൊരു കൂസലുമില്ലാതെ മാതാപിതാക്കൾ സഹിതം പ്രിൻസിപ്പലിനെ കാണാൻ വന്നു. മാതാപിതാക്കൾ എഡ്‌വിന്റെ സ്വഭാവരീതിയെപ്പറ്റി കുറ്റബോധത്തോടെ പ്രിൻസിപ്പലിനോട് പങ്കുവച്ചു. പ്രിൻസിപ്പലിന്റെ നിർദ്ദേശ പ്രകാരം കൗൺസിലിംഗിനുവേണ്ടി മാതാപിതാക്കൾ എഡ്‌വിനെ എന്റെ അടുക്കൽ കൊണ്ടുവന്നു. ഞാൻ വളരെ ശ്രദ്ധയോടെയാണ് എഡ്‌വിനോട് സംസാരിച്ചത്. എഡ്‌വിനെ പ്രകോപിപ്പിക്കാതിരിപ്പാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

എഡ്‌വിനോട് സംസാരിച്ചപ്പോഴാണ് എഡ്‌വിന്റെ വീട്ടിലെ ഭൂകമ്പത്തെക്കുറിച്ച് അറിഞ്ഞത്. മാതാപിതാക്കൾ ഏതെങ്കിലും വിഷയത്തെക്കുറിച്ച് തർക്കത്തിലേർപ്പെട്ടാൽ വിട്ടുവീഴ്ചയില്ലാതെ ഉറക്കെ സംസാരിക്കയും ആരോപണങ്ങൾ കൊണ്ടും പ്രത്യാരോപണങ്ങൾ കൊണ്ടും ശബ്ദമുഖരിതമായ അന്തരീക്ഷം ഉണ്ടാക്കുകയും ചെയ്യും.

ആദ്യമൊക്കെ ഈ ശ്ബദകോലാഹലങ്ങൾ എഡ്‌വിന് പ്രത്യേക മാനസിക ബുദ്ധിമുട്ടുകളൊന്നും സൃഷ്ടിച്ചില്ല. സാവധാനം ഈ വിഷയങ്ങൾ അവന്റെ വ്യക്തിത്വത്തെ സ്വാധീനിക്കാൻ തുടങ്ങി. ആദ്യം വീട്ടിൽ തന്നെ പൊട്ടിത്തെറിച്ചു തുടങ്ങി. തൊട്ടതിനും പിടിച്ചതിനുമെല്ലാം ദേഷ്യം. ദേഷ്യം വന്നാൽ പിന്നെ എഡ്‌വിന് കണ്ണുകാണാൻ പാടില്ലാത്ത വിധമുള്ള ദേഷ്യമാണ്. പക്ഷെ എഡ്‌വിനെ ഈ സ്ഥിതിയിലെത്തിച്ച മാതാപിതാക്കളാണ് ഉത്തരവാദികൾ. ഞാൻ അവരോട് സംസാരിച്ചു തുടങ്ങി.

എഡ്‌വിന്റെ പിതാവ് ജോൺസൺ കർശനക്കാരായ മാതാപിതാക്കളുടെ മകനായിരുന്നു. ചെറിയ തെറ്റിനുപോലും ശിക്ഷ ലഭിച്ചിരുന്നു. പഠിക്കുക എന്ന ഒറ്റ ഉത്തരവാദിത്വമാണ് ജോൺസണ് നൽകിയിരുന്നത്. ഒരു വിഷയത്തിനുപോലും മാർക്കു കുറയാൻ സമ്മതിക്കില്ലായിരുന്നു. പിതാവിന്റെ പേടിപ്പെടുത്തുന്ന ശാസന ജോൺസനെ ഭയപ്പെടുത്തുകയായിരുന്നു. ഈ ഭയം പിന്നീട് ജോൺസനെ സ്വാധീനിക്കാൻ തുടങ്ങി. പിതാവിന്റെ കഠിനമായ ദേഷ്യം ജോൺസന്റെ സ്വഭാവത്തിലേക്കും വന്നു.

ജോൺസൺ ഓഫീസിൽ ദേഷ്യക്കാരനായ ഉദ്യോഗസ്ഥനായിരുന്നു. തന്റെ കീഴ്ജീവനക്കാരെ ഭയപ്പെടുത്തി നിർത്തിയിരുന്നു. ജോലിയിൽ യാതൊരുവിധ വിട്ടുവീഴ്ചയും തയ്യാറല്ലായിരുന്നു അതുകൊണ്ട് ധാരാളം മാനസിക സമ്മർദ്ദം അനുഭവിക്കേണ്ടി വന്നു. ഈ സമ്മർദ്ദങ്ങളെല്ലാം സ്വന്തം ജീവിത പങ്കാളിയുടെ അടുക്കൽ തീർത്തുകൊണ്ടിരുന്നു. ആദ്യമൊന്നും ഭാര്യ നാൻസി പ്രതികരിക്കില്ലായിരുന്നു. അസഹനീയമായപ്പോൾ നാൻസിയും വല്ലാതെ പ്രതികരിക്കാൻ തുടങ്ങി. അങ്ങനെ രണ്ടുപേരും സ്ഥിരം വഴക്കിടുന്ന കാഴ്ചയാണ് എഡ്‌വിൻ കണ്ടു വന്നിരുന്നത്.

പേരന്റിംഗ് എന്ന ദൗത്യത്തിന്റെയും മഹത്വം ഞാൻ അവരെ ബോധ്യപ്പെടുത്തി. അവരുടെ വികാര നിയന്ത്രണത്തിന്റെ കുറവു കൊണ്ട് എഡ്‌വിൻ എന്ന കുട്ടി ഇന്നു നേരിടുന്ന മാനസിക പ്രശ്നത്തെക്കുറിച്ച് അവർക്കു ബോധ്യപ്പെട്ടു. ജോൺസനും നാൻസിയും മാറ്റത്തിന്റെ അനുഭവത്തിൽ വരാൻ അത്ര എളുപ്പമല്ലായിരുന്നു. പ്രത്യേകിച്ച് ജോൺസൺ മാറ്റം ഉൾക്കൊള്ളുവാൻ ഏറെ പ്രയാസപ്പെട്ടു. ജോൺസന്റെ സ്വഭാവത്തോടുള്ള പ്രതികരണമായി ദേഷ്യവും പൊട്ടിത്തെറിക്കലും നാൻസിയിൽ കടന്നു കൂടിയെങ്കിലും മാറ്റത്തിന് തയ്യാറായിരുന്നു നാൻസി. പലപ്രാവശ്യത്തെ കൂടിക്കാഴ്ച കൊണ്ട് ജോൺസണും നാൻസിയും മാതൃകാ ദമ്പതികളായി തുടങ്ങി. പേരന്റിംഗിന്റെ മാറ്റം എഡ്‌വിനെയും സ്വാധീനിച്ചു തുടങ്ങി. സമാധാനാന്തരീക്ഷം ഭവനത്തിലുണ്ടായപ്പോൾ എഡ്‌വിന് തന്റെ പ്രതികരണശൈലിയുടെ ദോഷം ബോധ്യമായി. സ്കൂളിലും അവന് മാറ്റങ്ങളുണ്ടായി. കൂട്ടുകാർ കളികളിൽ അവനെ സംബന്ധിപ്പിക്കുവാൻ തുടങ്ങി. തോൽവി ഉൾക്കൊള്ളുന്ന മനസ്സ് അവനിൽ രൂപപ്പെട്ടു. പ്ലസ്ടു ആയപ്പോഴേയ്ക്കും സ്കൂളിൽ അവൻ എല്ലാവർക്കും പ്രിയപ്പെട്ടവനായി.

ശ്രദ്ധാപൂർവ്വമായ പേരന്റിംഗിന്റെ ഫലമാണ് ആത്മനിയന്ത്രണത്തോടെ കുട്ടികളോട് ഇടപെടുന്നത്. വികാരങ്ങളെ മൂക്കുകയറിട്ട് നിർത്തണം. ശാന്തമായ പെരുമാറ്റം, സൗമ്യമായ മറുപടി, പുഞ്ചിരിയോടെയുള്ള സമീപനം ഇവയൊക്കെ വികാര നിയന്ത്രണത്തിന്റെ ഭാഗമാണ്. പൊട്ടിത്തെറിക്കുന്ന മാതാപിതാക്കളെ സമീപിക്കുവാൻപോലും കുട്ടികൾ ഭയപ്പെടും. അത്തരം ഭയങ്ങൾ പിന്നീട് കുട്ടികൾക്ക് പെരുമാറ്റ വൈകല്യങ്ങൾ ഉണ്ടാകുവാൻ കാരണമാകും.

ഒരു കുടുംബത്തിൽ പലവിധ പ്രശ്നങ്ങളുണ്ടാകാം. പ്രശ്നാധിഷ്ഠിത അന്തരീക്ഷത്തിൽ ആത്മസംയമനത്തോടെ പെരുമാറാൻ കഴിയണം. കുട്ടികൾ അതിന് തയ്യാറായെന്ന് വരില്ല. മുതിർന്നവർ ശ്രദ്ധിക്കണം. വീണ്ടുവിചാരമില്ലാതെയും വിവേകമില്ലാതെയും കുട്ടികൾ പലതും പ്രവർത്തിച്ചേക്കാം. കോപാകുലരായ കുട്ടികളെ ശാസിക്കുകയോ ശിക്ഷിക്കുകയോ ചെയ്യരുത്. അവരുടെ തെറ്റുകളെ ക്ഷമയോടെ ബോധ്യപ്പെടുത്തണം.  ആ തെറ്റുകൾ ആവർത്തിക്കാതിരിപ്പാൻ ഉപദേശങ്ങളല്ല; ദൃഷ്ടാന്തങ്ങളാണാവശ്യം.മാതാപിതാക്കൾ അവർക്ക് ദൃഷ്ടാന്തമായിരിക്കണം. ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ നടക്കാതെ വരുമ്പോൾ ചിലർ അസ്വസ്ഥരാകും. അതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകില്ല.

*(ശേഷം പേജ് 27-ൽ)*

# സമയമാം രഥം

ഏബ്രഹാം കല്ലിശ്ശേരി

ഒരു സൺഡേസ്കൂൾ മീറ്റിംഗിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ അടുത്തുള്ള റോഡിലൂടെ ഒരു ശവസംസ്ക്കാര വിലാപയാത്ര കടന്നുപോയി. ഉച്ചഭാഷിണിയിലൂടെ ഒഴുകിയെത്തി – സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു.

കുട്ടികളോടു ചോദിച്ചു: ഈ പാട്ടിനെപ്പറ്റി എന്തറിയാം. മുതിർന്നവരോടും ചോദിച്ചു: ഈ പാട്ടിനെപ്പറ്റി എന്തറിയാം. ആർക്കും വ്യക്തമായ ഒരു ധാരണ ഉണ്ടായിരുന്നില്ല. ഒരു കാര്യത്തിൽ ഉറപ്പുണ്ടായിരുന്നു. ഇത് മരണവീടുകളിൽ പാടുന്ന ഒരു വിലാപഗാനമാണ്. ചില വിദ്വാന്മാർ അല്പം കൂടി ചേർത്ത് പറഞ്ഞു, കൊച്ചുകുഞ്ഞ് ഉപദേശിയാണ് ഇതിന്റെ രചയിതാവ്.



ഇതിന്റെ വേരുകൾ തേടി പോയപ്പോഴാണ് കാര്യങ്ങൾ മനസ്സിലായത്. ഇതൊരു വിലാപഗാനമായി എഴുതപ്പെട്ടതല്ല. എഴുതിയത് മലയാളത്തിലാണെങ്കിലും എഴുതിയ ആൾ മലയാളിയല്ല. എന്നാൽ മലയാളിയായ ഒരു റെയിൽ സ്റ്റേഷൻ മാസ്റ്ററുടെ ജർമ്മൻ മരുമകനാണ് പ്രസിദ്ധമായ ഈ ഗാനം എഴുതിയത്. മരുമകന്റെ പേര് ഫോൾ ബ്രെസ്റ്റ് നാഗൽ. ഗ്രീക്ക്, ലാറ്റിൻ, ഹീബ്രു ഭാഷകളിൽ പ്രാവീണ്യം നേടിയ അദ്ദേഹം ഒട്ടേറെ ക്രൈസ്തവ ഗാനങ്ങൾ എഴുതുകയും പരിഭാഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1893-ലാണ് നാഗൽ കേരളത്തിലെത്തുന്നത്. ബാസൽ മിഷൻ മിഷണറിയായി കണ്ണൂരിലാണ് ആദ്യം പ്രവർത്തനം തുടങ്ങിയത്. പിന്നീട് വാണിയംകുളത്തേക്ക് പ്രവർത്തന മേഖല മാറ്റിയതോടെ ബാസൽ മിഷൻ പ്രവർത്തനം ഉപേക്ഷിച്ചു. കുന്നംകുളത്തുവച്ച് ഹാൻഡ്‌ലിബേഡ് എന്ന ബ്രദറൺ മിഷണറിയെ പരിചയപ്പെട്ടതോടെ ബ്രദറൺ സഭാ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാൻ തുടങ്ങി.

ഇതിനിടയിൽ 1896 – ൽ ആയിരുന്നു വിവാഹം. സ്റ്റേഷൻ മാസ്റ്ററുടെ മകളും അദ്ധ്യാപികയുമായിരുന്ന ഹാരിയറ്റ് സബീനാ മിച്ചൽ എന്ന ആംഗ്ലോ ഇൻഡ്യൻ പെൺകുട്ടിയെ കുന്നംകുളത്തുവച്ച് ജീവിത സഖിയാക്കി.

വസൂരി, കോളറ മുതലായ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്ന കാലമായിരുന്നു അത്. രോഗികളെ വസൂരി നോട്ടക്കാരെ ഏല്പിച്ചിട്ട് വീട്ടുകാരും ബന്ധുക്കളും വീടുവിട്ടുപോകും. അന്ന് ഇത്തരം രോഗികളനുഭവിച്ചിരുന്ന ഭയാനകമായ ഏകാന്തത മനസ്സിലാക്കി നാഗൽ അവരെ സ്വന്തമെന്നോണം കരുതി ശുശ്രൂഷിച്ചിരുന്നു. ഒരിക്കൽ അത്തരമൊരു പുരയിലെത്തിയപ്പോൾ അവിടെയുള്ള പായ്ക്കെട്ട് അനങ്ങുന്നതു കണ്ടു. ഉള്ളിലുണ്ടായിരുന്ന രോഗിയെ പുറത്തെടുത്ത് നാഗൽ ശുശ്രൂഷിച്ച് സുഖപ്പെടുത്തി ജീവിതത്തിലേക്കു മടക്കി കൊണ്ടുവന്നു.

മിഷണറി വേലയായിരുന്നു നാഗലിന്റെ പ്രധാന പ്രവർത്തന മേഖലയെങ്കിലും ആതുര സേവനരംഗത്ത് നടത്തിയ ശുശ്രൂഷകൾ അതുല്യവും അഭിനന്ദനീയവുമായിരുന്നു.

ജർമ്മനിയിലെ ഹേസനിലായിരുന്നു നാഗൽ ജനിച്ചത്. തുകൽ പണിക്കാരനായ പീറ്റർ നാഗലിന്റെയും ഏലിസബത്തിന്റെയും മകനായി 1867 നവംബർ മൂന്നിനാണ് ഫോൾബ്രെഷ്റ്റ് നാഗലിന്റെ ജനനം. ചെറുപ്പത്തിലെ മാതാപിതാക്കൾ നഷ്ടപ്പെട്ട നാഗലിനെ വളർത്തിയത് അദ്ധ്യാപകനായ ബിൽഡേ വാൾഡാണ്.

കേരളത്തിലെ മിഷണറി പ്രവർത്തനങ്ങൾക്കിടയിൽ രോഗികളെ ശുശ്രൂഷിക്കുക മാത്രമല്ല പാവപ്പെട്ടവരെ സഹായിക്കാനും നാഗൽ സമയം കണ്ടെത്തിയിരുന്നു. വീടുപണിക്കാവശ്യമായ ഓലയും മുളയും എത്തിച്ചു കൊടുക്കുക, കല്ലുവെട്ടുക, കുമ്മായം കുഴക്കുക മുതലായ പണികളൊക്കെ ചെയ്യുന്നതിൽ നാഗലിന് ഒരു മടിയുമില്ലായിരുന്നു. 1905-ൽ തൃശൂരിനടുത്തുള്ള നെല്ലിക്കുന്നിൽ പെൺകുട്ടികൾക്കായി 'രെഹാബോത്ത്' എന്ന അനാഥാലയവും ആരംഭിച്ചു.

"സമയമാം രഥത്തിൽ........... എന്നത് ഒരു പ്രത്യാശാ ഗാനമായിട്ടാണ് നാഗൽ എഴുതിയത്. കാളവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ കാളവണ്ടിചക്രത്തിന്റെ ശബ്ദത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് നാഗൽ ആ വരികളെഴുതിയത്. ക്ഷണികമായ ലോകജീവിതത്തിൽ നിന്നും സ്വർഗ്ഗീയ അനുഭവത്തിന്റെ പ്രത്യാശ ഉണർത്തുന്ന ഗാനമാണത്. പാറപ്പുറത്തിന്റെ 'അര നാഴിക നേരം' എന്ന സിനിമയിൽ ഈ ഗാനം ഉൾപ്പെടുത്തിയിട്ടുണ്ട്. ചിത്രത്തിൽ അംബികയും രാഗിണിയും ഇതൊരു പ്രാർത്ഥനാ ഗാനമായിട്ടാണ് പാടുന്നത്. അതോടെ 'സമയമാം രഥ'ത്തിന് പ്രചാരമേറി. എന്നാൽ നാഗലിന്റെ വരികൾ സിനിമയിലാക്കിയ വയലാർ രാമവർമ്മ വാക്കുകൾക്ക് ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്തായാലും അതോടെ 'സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു' എന്ന നാഗലിന്റെ ഗാനം മലയാളികളുടെ മരണവീട്ടിൽ ഒരു വിലാപഗാനമായി മാറി.

1914- ൽ മൂത്ത മക്കളായ സാമുവേലിനെയും, തിയോഡറെയും ഉപരിപഠനത്തിന് ചേർക്കാൻ നാഗൽ ജർമ്മനിയിലേക്കു പോയി. ഭാര്യയും മറ്റു മൂന്നു മക്കളും തൃശൂരിൽ തുടർന്നു. അപ്പോഴേക്കും ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. 1918 ൽ യുദ്ധം അവസാനിച്ചശേഷം ഇൻഡ്യയിലേക്കു മടങ്ങാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. പിന്നീട് ജർമ്മനിയിലെ വിഡനസ്റ്റിനിലുള്ള വേദപഠന ശാലയിൽ അദ്ധ്യാപകനായി തുടർന്നു.

1921 – ൽ രോഗാതുരനായ നാഗലിനെ ശുശ്രൂഷിക്കാനായി ഭാര്യ ഹാരിയറ്റ് ജർമ്മനിയിലെത്തി. ഇതിനിടയിൽ കേരളത്തിലേക്കു മടങ്ങാൻ അനുമതി ലഭിച്ചെങ്കിലും അതിനു കാത്തു നിൽക്കാതെ നാഗൽ 1921 മെയ് 21 ന് സമയമാം രഥത്തിലേറി സ്വർഗ്ഗത്തിലേക്കു മടങ്ങി.

ഈ മെയ് മാസം 21 ന് നാഗൽ ഓർമ്മയായിട്ട് നൂറുവർഷം പിന്നിടുന്നു. സമയമാം രഥത്തിന്റെ ചക്രം ഇപ്പോഴും മുന്നോട്ട് ഓടിക്കൊണ്ട് യാത്ര തുടരുകയും ചെയ്യുന്നു.

# താണനിലത്തേ നീരോടു

റ്റി. സി. തോമസ്, തോപ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

തീരം നദിയോടു ചോദിച്ചു 'ഹോ മഹാ നദി, നീ വെള്ളപ്പൊക്കക്കാലത്ത് അഹങ്കാരത്തോടെ കുലംകുത്തി ഒഴുകുമ്പോൾ കരയിൽ നിൽക്കുന്ന വൻമരങ്ങളെപ്പോലും കടപുഴക്കി താഴോട്ടു കൊണ്ടുപോകുന്നു. എന്നാൽ കരയിൽ ഉള്ള ആറ്റുവഞ്ചികളെ നിനക്കൊന്നും ചെയ്യാൻ പറ്റാത്തതെന്തുകൊണ്ട്? നദി പറഞ്ഞു, അതിനൊരു കാര്യമുണ്ട്. ആറ്റുവഞ്ചിക്കു താഴേണ്ടിടത്തു താഴാനും ഉയരേണ്ടിടത്തു ഉയരാനും കഴിയും. അങ്ങനെയുള്ളവരെ ഏതു ശക്തനും ഒന്നും ചെയ്യാൻ കഴിയില്ല. എത്ര അർത്ഥവത്തായ സാരോപദേശം.

"ഒഴിഞ്ഞിട്ടുള്ള പാത്രങ്ങളുണ്ടാക്കുന്നു മഹാരവം നിറഞ്ഞുള്ളൊരു പാത്രത്തിലുണ്ടാകാ ശബ്ദഡംബരം" നിറകുടം തുളുമ്പില്ല എന്നത്രേ ഇതിന്റെ അർത്ഥം. കതിർ മണികൾ ചായുമ്പോൾ പതിരുകൾ നിവർന്നു നിൽക്കുന്നു. ഇതിലെല്ലാം താഴ്മയുടെയും വിനയത്തിന്റെയും ശ്രേഷ്ഠതയാണ് ധ്വനിക്കുന്നത് താഴ്മ നമുക്കും നമ്മളുമായി ഇടപെടുന്നവർക്കും ആനന്ദം പകരും. മാന്യതയുടെ ലക്ഷണം തന്നെ വിനയമാണ്. എണ്ണപോലെ വിനയവും താഴ്മയും നമ്മുടെ പെരുമാറ്റത്തിലെ ഘർഷണം ഒഴിവാക്കും. പൊതുപ്രവർത്തനത്തിനും പൊതുജനസമ്പർക്കത്തിനും ഈ ഗുണം കൂടിയേ തീരൂ. യഥാർത്ഥ മഹത്വമുള്ളവർ കൂടുതൽ വിനയാന്വിതരായിരിക്കും. ഔന്നത്യം അവരെ അന്ധരാക്കില്ല. ഫലം തിങ്ങുന്ന ശിഖരങ്ങൾ തലകുനിച്ചാണു നിൽക്കുന്നത്. നീരിന്റെ അളവ് കൂടുന്തോറും മേഘം താണു സഞ്ചരിക്കുന്നു. ഈ പാഠങ്ങൾ പ്രകൃതി നമ്മെ പഠിപ്പിക്കുന്നു. കൊടുങ്കാറ്റു വൻകെട്ടിടങ്ങളെ തകർത്തേക്കാം. വന്മരങ്ങളെ പിഴുതെറിയും. നിലംപറ്റി നിൽക്കുന്ന പുൽക്കൊടികളും നിലത്തു പടരുന്ന ചെറുചെടികളും കൊടുങ്കാറ്റിനെ ഭയപ്പെടാതെ നിൽക്കുന്നു.

"നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണേ" എന്നു പണ്ടു കുട്ടികൾ പ്രാർത്ഥിക്കുമായിരുന്നു. ഇന്നു നല്ല വാക്കുകൾ സംസാരിക്കാനുള്ള കഴിവുകൾതന്നെ ഇല്ലാതായിരിക്കുന്നു. സംസ്ക്കാരമുള്ളവർക്കു മാത്രമേ താഴ്മയോടും വിനയത്തോടും സംസാരിക്കുവാൻ കഴിയൂ. ഇന്നത്തെ സമൂഹത്തിൽ വിവാഹമോചന നിരക്കു കൂടുന്നതിനു പ്രധാന കാരണം ആരും താഴാൻ തയ്യാറല്ല എന്നുള്ളതാണ്. ആത്മീയ വിദ്യാഭ്യാസം കുട്ടിക്കാലത്തെ ലഭിച്ചവർ ജീവിതത്തിൽ ശാന്തിയും സമാധാനവും അനുഭവിക്കും. സഹിഷ്ണുത നഷ്ടമാവുന്നതാണ്. കുടുംബ പ്രശ്നങ്ങളുടെ കാതൽ. ഉള്ളിൽ നിന്നു വരുന്ന ഒരു ശക്തിയാണ് താഴ്മ. പുറമെ ഉള്ള ആർഭാടങ്ങൾക്ക് അതു സൃഷ്ടിക്കാൻ സാധിക്കുകയില്ല. ജാഡകൾ കാണിക്കുന്നത് അകമേ ഒന്നുമില്ലാത്തവരാണ്. അതുകൊണ്ടു തന്നെ അവർ കൂടുതൽ ശബ്ദമുണ്ടാക്കുന്നവരാണ്. മനുഷ്യനിർമ്മിതമായ പ്രത്യക്ഷവും പരോക്ഷവുമായ സകല ദുരന്തങ്ങളുടെയും അടിസ്ഥാനകാരണം താഴ്മയുടെയും ലാളിത്യത്തിന്റെയും അഭാവമാണ്. നിരവധി ഗുണങ്ങളുടെ മാതാവാണ് താഴ്മ. അഹന്ത മാലാഖമാരെ പിശാചാക്കി മാറ്റും. താഴ്മ മനുഷ്യനെ മാലാഖമാരാക്കും. പലപ്പോഴും നമ്മുടെ സമ്പത്ത്, പദവി, പ്രശസ്തി, വിദ്യാഭ്യാസയോഗ്യത, കുടുംബമഹിമ എന്നിവയുടെയൊക്കെ പേരിൽ നാം ഊറ്റം കൊള്ളാറുണ്ട്. അതിൽ അഹങ്കരിച്ചിട്ടുണ്ടാകാം. ഇതെല്ലാം എന്റെ കഴിവുകൊണ്ടാണ് ഞാൻ നേടിയതാണെന്നു ചിന്തിച്ചേക്കാം. അപ്പോൾ ഓർക്കുക ഇതൊന്നുമില്ലാത്ത എത്രയോ ആളുകൾ ഈ ലോകത്ത് ജീവിക്കുന്നു. വിശപ്പടക്കാൻ ആഹാരമോ, ധരിക്കാൻ വസ്ത്രമോ താമസിക്കാൻ പാർപ്പിടമോ സ്നേഹിക്കാൻ ഉറ്റവരോ ഇല്ലാത്ത എത്രയോ ആളുകൾ നമുക്ക് ചുറ്റുമുണ്ട്. നമ്മുടെ നേട്ടങ്ങളിൽ അഹങ്കരിക്കാതെ വിനയാന്വിതരായാൽ മികച്ച വിജയങ്ങൾ നമ്മെ തേടിയെത്തും. എന്തൊക്കെയോ, ഞാൻ പിടിച്ചടക്കുമെന്ന തോന്നൽ ജനിപ്പിച്ചുകൊണ്ട് ഇരു കൈകളും ചുരുട്ടി പിറന്നുവീഴുന്ന കുഞ്ഞും അവസാന കാലത്ത് ഈ ലോകം വിട്ടു പിരിയുന്നത് തുറന്ന കൈകളുമായാണ്. നേടിയതൊന്നും ഇവിടെ നിന്നും കൊണ്ടുപോകുന്നില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കിയതുകൊണ്ടാണ് ലോകം മുഴുവൻ കീഴടക്കിയ അലക്സാണ്ടർ ചക്രവർത്തി തന്റെ മരണശേഷം ഇരുകൈകളും തുറന്ന നിലയിൽ ശവപ്പെട്ടിക്കു പുറത്തേക്ക് ഇടണമെന്ന് നേരത്തെ നിർദ്ദേശിച്ചത്.

ബൈബിളിലെ സംഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ ഒരു കാര്യം വ്യക്തമാകും. പലപ്പോഴും സമൂഹത്തിലെ ഏറ്റവും വലിയ ആളുകളെയല്ല ദൈവം ഉയർത്തിയതും വലിയ കാര്യങ്ങൾ ഏൽപ്പിച്ചതും മറിച്ച് സമൂഹത്തിലെ ഏറ്റവും എളിയ മനുഷ്യരെയായിരുന്നു. ഇസ്രായേൽ ജനത്തിന്റെ മോചനത്തിനായി ദൈവം തെരഞ്ഞെടുത്ത് നേതൃത്വം ഏൽപ്പിച്ചത് വിക്കനും സാധാരണക്കാരനുമായ മോശയെ ആയിരുന്നു. ഈജിപ്തിൽനിന്നും ചെങ്കടൽതാണ്ടി ഇസ്രായേൽ ജനത്തിന്റെ മോചനം ദൈവത്തിന്റെ കരങ്ങളുടെ ശക്തിയാൽ മോശ സാദ്ധ്യമാക്കി. ആട്ടിടയനായ ദാവീദിനെയാണ് ദൈവം ഗോലിയാത്ത് എന്ന വലിയ യോദ്ധാവിനെതിരെ പോരാടാൻ തെരഞ്ഞെടുത്തത്. ദൈവത്തിന്റെ ശക്തി ദാവീദിലൂടെ ഗോലിയാത്തിനെ നിലം പരിശാക്കി. ഒടുവിൽ രാജാധികാരം തന്നെ ദാവീദിനു ലഭിച്ചു. മാനവരാശിക്കുതന്നെ മാറ്റം വരുത്തിയ വലിയ സംഭവങ്ങൾക്ക് പശ്ചാത്തലമൊരുക്കിയതും വലിയ കൊട്ടാരങ്ങളായിരുന്നില്ല. മറിച്ച് ഏറ്റവും സാധാരണ സ്ഥലത്തായിരുന്നു. യേശുക്രിസ്തുവിന്റെ ജനനം തന്നെ ഏറ്റവും വലിയ ഉദാഹരണം. കാലിത്തൊഴുത്തിൽ പുൽതൊട്ടിയിലാണ് ദൈവപുത്രൻ ജനിച്ചത്. ക്രിസ്തു തന്റെ ശിഷ്യന്മാരായി തെരഞ്ഞെടുത്തതും

മത്സ്യബന്ധന തൊഴിലാളികൾ ഉൾപ്പെടെയുള്ള സാധാരണക്കാരെയാണ്. 'താണ നിലത്തേ നീരോടൂ; അവിടെ ദൈവം തുണയാകു' എന്ന ചൊല്ല് ഇവിടെ അന്വർത്ഥമാണെന്നു ചിന്തിക്കുക. നാം എത്രമാത്രം താഴുന്നുവോ അത്രമാത്രം ഉയർത്തപ്പെടും. അല്ലാതെ സ്വന്തം കഴിവുകൊണ്ട് എല്ലാം വെട്ടിപ്പിടിക്കുമെന്ന ചിന്തയിൽ ഉയരാൻ ശ്രമിക്കുമ്പോൾ ഒടുവിൽ സംഭവിക്കുക വലിയ ഉയരത്തിൽനിന്നു താഴേക്കു പതിക്കുകയാവും. ഏറ്റവും ഉയരത്തിൽ നിന്നായതിനാൽ അതിന്റെ ആഘാതവും വളരെ വലുതായിരിക്കും.

മഹാനായൊരു ശില്പി ഒരു മരത്തുണ്ടിൽ നിന്നും അയാളുടെ മനസ്സിലുള്ള ഒരു ദേവതയുടെ ശില്പത്തെ കൊത്തിയെടുക്കുന്നതിനായി ആ ശില്പത്തെ ഒഴികെയുള്ള മറ്റു മരഭാഗത്തെയെല്ലാം അതിസൂക്ഷ്മമായിട്ടാണ് ചീന്തിയും ചുരണ്ടിയും ഉപേക്ഷിക്കുന്നത്. ആ ഉപേക്ഷിക്കൽ പ്രക്രിയ എപ്പോഴാണോ, പൂർണ്ണമാകുന്നത് അപ്പോഴാണ് അയാളുടെ മനോമുകുരത്തിൽ തെളിഞ്ഞുനിന്നിരുന്ന ദേവതാ ശില്പം വേറിട്ടും നേരിട്ടും പ്രത്യക്ഷമാകുന്നത്. ഇതുപോലെ നമ്മുടെ ഉള്ളിലെ അഹംഭാവവും സ്വാർത്ഥതയും വിദ്വേഷവുമാകുന്ന പാഴ്തടികൾ ചീകിയും ചെത്തിയും കളയുമ്പോൾ അവിടെ താഴ്മയും വിനയവും കുടികൊള്ളും. മനുഷ്യന്റെ ജീവിതം ഒരു ശില്പം കണക്കെ രൂപപ്പെട്ടുവരാനുള്ളതാണെന്ന് നാം അറിയണം. ഒന്നിൽനിന്നും കളയേണ്ടതിനെ കളഞ്ഞും എടുക്കേണ്ടതിനെ എടുത്തും ഒരു ശില്പം രൂപകല്പന ചെയ്യുന്നതുപോലെ നമ്മുടെ ജീവിതത്തെ പാകപ്പെടുത്തേണ്ടത് നാം തന്നെയാണ്. അതായത് ഇരുമ്പിൽ തുരുമ്പെന്നപോലെ നമ്മുടെ ഉള്ളിൽ പിടിച്ചിരിക്കുന്ന വിദ്വേഷങ്ങളും അഹന്തയും പൊങ്ങച്ചവും അസഹിഷ്ണുതയും തുടച്ചു മാറ്റി അവിടെ നന്മയും കരുണയും പുനഃസ്ഥാപിച്ചാൽ അവിടെ ദൈവത്തിന്റെ കരുതലും തണലും ഉണ്ടാകും.

●

## മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

*(പേജ് 24 തുടർച്ച)*

ഭാര്യാഭർത്താക്കന്മാർ മക്കളുടെ മുൻപിൽ വഴക്കുകൂടരുത്. പരസ്പരം തർക്കിക്കുകയും കലഹിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ മക്കളുടെ മുൻപിൽ തെറ്റായ സന്ദേശം നൽകുന്നവരാണ്. അനിയന്ത്രിതമായ കോപത്താൽ പൊട്ടിത്തെറിക്കുന്ന മാതാപിതാക്കൾ മക്കളെ ആത്മനിയന്ത്രണം പഠിപ്പിക്കുവാൻ കഴിയുന്നവരല്ല. വിവിധ പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടി വരുമ്പോൾ വികാരങ്ങൾക്ക് കടിഞ്ഞാണിടാൻ ശ്രദ്ധിക്കണം. അപ്രിയമായ വിവിധ കാര്യങ്ങൾ ഒരു ഭവനത്തിൽ ഉണ്ടായേക്കാം. അതിനോടൊക്കെയുള്ള നമ്മുടെ പ്രതികരണത്തിന് കുടുംബജീവിതത്തിൽ വലിയ പ്രാധാന്യമുണ്ട്.

മക്കളുടെ തെറ്റുകൾക്കുള്ള ശിക്ഷ പൊതുവഴിയിലാകരുത്. ശാസിക്കുന്നതും ശിക്ഷിക്കുന്നതും മറ്റുള്ളവരുടെ മുൻപിലായാൽ അവരുടെ ആത്മാഭിമാനം വ്രണപ്പെടും. അവർ പ്രതികാര ദാഹികളായി മാറിയേക്കാം. ചില മാതാപിതാക്കൾ, ഞങ്ങൾ മക്കളെ ശാസിച്ചും ശിക്ഷിച്ചുമാണ് വളർത്തുന്നതെന്ന് മറ്റുള്ളവർ കണ്ടുകൊള്ളട്ടെ എന്ന് വിചാരിച്ച് കുട്ടികളെ മറ്റുള്ളവരുടെ മുൻപിൽ വച്ച് ശിക്ഷിക്കാറുണ്ട്. ആ മാതാപിതാക്കളെ മക്കൾ വൈരാഗ്യത്തോടെ ആയിരിക്കും കാണുന്നത്. തെറ്റുകൾക്കുള്ള ശിക്ഷ വീട്ടിനുള്ളിൽ ആയിരിക്കണം. അവരുടെ തെറ്റുകൾ അവരെ ബോധ്യപ്പെടുത്തിയിട്ടെ ശിക്ഷിക്കാവൂ.

"അച്ചോ, ചെറുപ്പത്തിൽ എന്റെ കൂട്ടുകാരുടെ മുൻപിൽ വച്ച് എന്റെ അപ്പൻ എന്നെ തല്ലിയത് ഇന്നും വേദനയോടെ മാത്രമെ ഞാൻ ഓർക്കാറുള്ളൂ".

റോയി തന്റെ സങ്കടം പങ്കു വച്ചു. അതു കേട്ട് എല്ലാവർക്കും വിഷമമായി.

നമ്മുടെ മാതാപിതാക്കൾക്ക് വലിയ അറിവില്ലാതിരുന്ന കാലത്ത് അവർക്കുണ്ടായ പിഴവ് നമ്മൾ ആവർത്തിക്കരുത്. നമ്മുടെ മക്കളുടെ മനസ്സുനോവുന്ന രീതിയിൽ വികാരങ്ങൾ പ്രകടിപ്പിക്കാതിരിക്കണം. (തുടരും)

●

# ക്നായിതോമ പ്രയർ ഫെലോഷിപ്പ്

### പ്രാർത്ഥന യോഗങ്ങൾ പുനഃരാരംഭിച്ചു

പൂവൻതുരുത്ത്: കൊറോണ എന്ന മാരക രോഗം മൂലം കഴിഞ്ഞ രണ്ട് വർഷമായി നിർത്തിവച്ചിരുന്ന ക്നായിതോമ പ്രയർഫെലോഷിപ്പിന്റെ പ്രാർത്ഥനയോഗം വീണ്ടും ആരംഭിച്ചു.

3-4-2022 ഞായർ വൈകുന്നേരം 6 മണിക്ക് പാക്കിൽ സെന്റ്തോമസ് യാക്കോബായ പള്ളിയുടെ പാരീഷ്ഹാളിൽ വച്ച് നടന്ന യോഗത്തിൽ വൈസ്. പ്രസിഡന്റ് റവ. ഫാ. സി.സി. ഏലിയാസ് കട്ടയിൽ അദ്ധ്യക്ഷത വഹിച്ചു. ബഹുമാനപ്പെട്ട ശെമ്മാശൻ ചിക്കു ബേബി കാരിമറ്റത്തിൽ മുഖ്യ സന്ദേശം നൽകി. സെക്ര. ശ്രീ. സജി കട്ടയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ശ്രീ. റ്റി.കെ. ഏബ്രഹാം താഴ്ചയിൽ വേദപുസ്തകം വായിച്ചു. കൊച്ചുമോൻ മടുക്കമൂട്ടിൽ സ്വാഗതവും സാബു ജേക്കബ് ചിറയിൽ കൃതജ്ഞതയും പറഞ്ഞു

### അടുത്ത പ്രാർത്ഥനയോഗം

ക്നായിതോമ പ്രയർഫെലോഷിപ്പിന്റെ മെയ് മാസത്തെ പ്രാർത്ഥനയോഗം ചിങ്ങവനം ദയറാ പള്ളി ഇടവകാംഗം മടത്തുമണ്ണിൽ ശ്രീ.കെ.കെ. കുര്യന്റെ പൂവൻതുരുത്ത് മേൽപാലത്തിന് സമീപം ഉള്ള ഭവനാങ്കണത്തിൽ വച്ച് 29-5-2022 ഞായർ വൈകുന്നേരം 6 മണിക്ക് നടത്തും. പ്രസ്തുത യോഗത്തിൽ ചിങ്ങവനം ദയറാപള്ളി വികാരി റവ. ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട് മുഖ്യ സന്ദേശം നൽകും.




മരത്തിൽ നിന്നും താഴെ വീണ ഒരു വവ്വാൽ അകപ്പെട്ടത് ഒരു കീരിയുടെ കൈകളിലാണ്. തന്നെ കൊല്ലരുതെന്ന് അവൻ കീരിയോട് കേണപേക്ഷിച്ചു. അപേക്ഷ നിരസിച്ചുകൊണ്ട് കീരി പറഞ്ഞു "എല്ലാ പക്ഷികളും എന്റെ ജന്മശത്രുക്കളാണ്" "അയ്യോ ഞാൻ പക്ഷിയല്ല ഞാനൊരെലിയാണ്" എന്ന് വവ്വാൽ പറഞ്ഞപ്പോൾ അത് ശരിയാണെന്നു തോന്നിയ കീരി അവനെ വെറുതെ വിട്ടു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അതേ വവ്വാൽ മറ്റൊരു കീരിയുടെ കൈയ്യിലകപ്പെട്ടു. വീണ്ടും ജീവനു വേണ്ടി കേണപ്പോൾ കീരി പറഞ്ഞു "എലികൾ പണ്ടേ എന്റെ ജന്മ ശത്രുക്കളാണ്"

"അയ്യോ ഞാൻ എലിയല്ല ഞാൻ കിളിയാണ്" എന്നു പറഞ്ഞ വവ്വാൽ രണ്ടാമതും രക്ഷപ്പെട്ടു.

*ഗുണപാഠം: പ്രതികൂല സാഹചര്യങ്ങൾ അനുകൂലമാക്കുന്നതിലാണ് യഥാർത്ഥ സാമർത്ഥ്യം.*

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. ആദ്യമായി കള്ളം പറഞ്ഞ വ്യക്തി ആര്?
2. ഹാനോക്കിന്റെ ആദ്യജാതൻ ആര്?
3. മോശെയുടെ അമ്മായിയപ്പന്റെ പേരെന്ത്?
4. ജീവനുവേണ്ടി യോശുവായുടെ മുമ്പാകെ ഉപായം പ്രയോഗിച്ചവർ ആര്?
5. 'സേല' ആദ്യം പ്രയോഗിച്ചിരിക്കുന്ന സങ്കീർത്തനം ഏത്?
6. സൗന്ദര്യം നിമിത്തം ഹൃദയം ഗർവ്വിക്കുകയും പ്രഭ നിമിത്തം ജ്ഞാനത്തെ വഷളാക്കുകയും ചെയ്തത് ആര്?
7. "നീയോ സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളം വരെ താണുപോകും" എന്നു കർത്താവ് പറഞ്ഞത് ഏതു പട്ടണത്തെക്കുറിച്ചാണ്?
8. അവസാനത്തോളം സഹിച്ചു നിൽക്കുന്നവനോ രക്ഷിക്കപ്പെടും എന്നു പറഞ്ഞതാര്?
9. ഭൂമിയിലെ എല്ലാ വിത്തിലും ഏറ്റവും ചെറുത് എന്ന് യേശു വിശേഷിപ്പിച്ചതെന്തിനെ?
10. യേശു അത്തിയെ ശപിച്ചതെവിടെ വച്ച്?

**ഏപ്രിൽ മാസത്തിലെ ഉത്തരങ്ങൾ**

1. ആദാം (ഉല്പ. 2:21)
2. പാമ്പ് (ഉല്പ. 3:1)
3. ഗോഫെർ മരം (ഉല്പ. 7:14)
4. യിസ്രായേൽ മക്കൾ (പുറപ്പാട്. 1:11)
5. സിപ്പോറ (പുറപ്പാട്. 2:21)
6. ദാവീദ് (1 രാജാക്കന്മാർ 1:1)
7. ബേല (1 ദിനവൃത്താന്തം 1:43)
8. സങ്കീർത്തനങ്ങൾ 16
9. വിനയം (സദൃശ്യ. 15:33)
10. യെഹസ്കേൽ (21:1-2)

## ശുഭചിന്തകൾ

**ജയപരാജയങ്ങളുടെ സമ്മേളനമല്ലേ ജീവിതം. അത് കയറ്റങ്ങളുടേത് മാത്രമല്ല ഇറക്കങ്ങളുടേത് കൂടിയാണ്. എന്നാൽ ഓരോ തവണ വീഴുമ്പോഴും മുന്നോട്ട് കുതിക്കാനുള്ള മനസ്സാണ് ആത്യന്തിക വിജയത്തിന്റെ അടിസ്ഥാനം. ആ വിജയത്തിന് കരുത്തു കൂടും.**

**അമിതമായ സന്തോഷവും കോപവും ദുഃഖവും എല്ലാം താൽക്കാലികം മാത്രം. അങ്ങനെയുള്ള താൽക്കാലിക മാനസികാവസ്ഥയുടെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും ഗുണപരമായിരിക്കില്ല.**

**ഓർക്കുക, ഗുണപരമായി ചിന്തിക്കുന്ന ഒരാളെ കീഴ്പ്പെടുത്താൻ ഒരു വിഷത്തിനും കഴിയില്ല. അതുപോലെ തന്നെ നെഗറ്റീവ് ചിന്താഗതിക്കാരെ രക്ഷിക്കാൻ ഒരു മരുന്നിനും കഴിയില്ല.**
**ഏതു കാര്യങ്ങളോടും നമുക്ക് പോസിറ്റീവായി സമീപിക്കാം.**

## 3 –ാം ചരമ വാർഷികം

2-05-2022



## സാറാമ്മ ജേക്കബ് (മോളി)

**മേലേത്ത് പേരൂത്തറ, വള്ളംകുളം, തിരുവല്ല**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R

## 18 –ാം ചരമവാർഷികം

28-04-2022

## 6 –ാം ചരമവാർഷികം

22-05-2022



## കെ. എ. മാത്യു കുഞ്ഞമ്മ മാത്യു

**കളത്തിപ്പറമ്പിൽ, കിളിരൂർ,**

**കോട്ടയം**


"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - G

## 1st Death Anniversary

11-05-2022



## സി. കെ. പുന്നൂസ്

*(മുൻ ക്നാനായ സുവിശേഷ സമാജ അംഗം)*

**ചക്കിട്ടപറമ്പിൽ, വെളിയനാട്**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 6 –ാം ചരമ വാർഷികം

29-04-2022



## സണ്ണി ഏബ്രഹാം

**കല്ലംപറമ്പിൽ, റാന്നി (Boston)**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## Mrs. Saramma Stephen

**9th Year of Ascendancy to Heaven From This Transitorial Earthly Life**

21-05-2022



*Inserted by*

**Valanjanthuruthil Family**

## Prof. K. C. Kuriakose

**12th Year of Passing Away From This Mortal Life on**

11th June 2022



**Kunnirickal House**

Advt -S

## 6 – ാം ചരമവാർഷികം

11 – 05 – 2022



## എം. എ. ചാക്കോ

**മാമലത്താഴത്ത്, രാമമംഗലം**

നിങ്ങൾക്കെല്ലാം ഞാൻ പ്രിയപ്പെട്ടവനായിരുന്നു. പക്ഷെ, നിങ്ങളിലുപരി എന്നെ ഇഷ്ടപ്പെടുന്നവൻ എന്നെ നിത്യ ജീവിതത്തിലേക്ക് ക്ഷണിച്ചു. ഇനി ഞാൻ നിങ്ങളുടെ പ്രാർത്ഥനകളിലും ഓർമ്മകളിലും മാത്രം.

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

**15 – ാം ചരമവാർഷികം**

09 – 05 – 2022

**27 – ാം ചരമവാർഷികം**

04 – 08 – 2022



## കെ. റ്റി. ജോസഫ്  ചിന്നമ്മ ജോസഫ്

**കണ്ണന്താനത്ത്, റാന്നി, വടശ്ശേരിക്കര**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

# $12^{th}$ Death Anniversary

04-06-2022



## Commander Bar Eto Mahimano

# Dr. P. A. Jacob (Babu)

**Panachayil House, West Othera, Thiruvalla**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

**POABS GROUP**

Advt - S

## വേർപാടിന്റെ 9 – ാം വാർഷികം

20 – 05 – 2022



# V. T. Kuriakose

പഴയപീടികയിൽ, തുരുത്തിക്കാട്

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ

തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 3 – ാം ചരമവാർഷികം

07 – 05 – 2022

## 30 – ാം ചരമവാർഷികം

03 – 06 – 2022





# മറിയാമ്മ കുര്യൻ (പെണ്ണമ്മ)

# എം. സി. കുര്യൻ

മണിമല, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O



## 5 – ാം ചരമ വാർഷികം

22 – 05 – 2022



# Er. P.A. Philip

(Rtd. Executive Engineer, PWD)

**Puthuveettil, Ranny**

"നിത്യതയിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -R



## 1 – ാം ചരമവാർഷികം

16 – 04 – 2022



# അമ്മിണി ഏബ്രഹാം

മടത്തുംമൂട്ടിൽ, തെങ്ങേലി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമവാർഷികം

**22 - 05 - 2022**



## ശോശാമ്മ തോമസ്

**മരങ്ങാട്ട്, വാകത്താനം**

**മാഞ്ചസ്റ്റർ, യു.കെ.**

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ" സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 3rd Death Anniversary

**07-06-2022**



## Sosamma Abraham

**(Kunjumol James)**

**Moozhiparampil**

**Chingavanam**

Sorrowing family

Advt -O

## 12th Birthday in Heaven

**07-05-2022**



## Adv. Julian Kuruvilla Jacob

**Aronnil, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing family

Advt -G

## 40 – ാം ചരമദിനം

**01 – 05 – 2022**



## ഓമന മാത്യു

**കിഴക്കേപുല്ലാട്ട്, ചാന്നാനിക്കാട്**


"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*മക്കൾ– ജേക്കബ് മാത്യു, സണ്ണി മാത്യു*
*മരുമക്കൾ– അനു, നിഷ*
*കൊച്ചുമക്കൾ– ഫെമി, എഡ്വിൻ, എലീന*

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

48 – ാം ചരമവാർഷികം
22 - 05 - 2022



മാത്തൻ ഉലഹന്നാൻ

26 – ാം ചരമവാർഷികം
09 - 08 - 2022



ശോശാമ്മ മാത്തൻ



2 – ാം ചരമവാർഷികം
02- 06- 2022

ജിബുമോൻ
വി. കുറിയാക്കോസ്

വട്ടുകളത്തിൽ,
തൃക്കോതമംഗലം

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 40 –ാം ചരമദിനം

**14 - 05 - 2022**



# K.U. Mathew

കടയ്ക്കേത്ത് (മുരിക്കേത്ത്)

പുല്ലൂപ്രം, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

Advt - S

---

## 13 –ാം ചരമവാർഷികം

07–06–2022

## 4 –ാം ചരമവാർഷികം

18–12–2022



ഇ. എ. ഏബ്രഹാം
(കുഞ്ഞച്ചൻ)
(Rtd. Water Authority Engr)

ചിന്നമ്മ ഏബ്രഹാം

ഇടയാടിയിൽ, പാവുക്കര, മാന്നാർ

By Sorrowing Family

Advt - O

---

## 1st Birthday in Heaven

**06-05-2022**



# Aleyamma Joseph

**Madathumkal House**

**Eraviperoor**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

---

## In Loving Memory



**T. Abraham**
**Konnakal**
**(Chennai)**
**Kottayam**

26th Nov 1954 - 8th May 2021

**Always in our thoughts,**
**Forever in our hearts,dear Acha**

Advt -O

# 1 –ാം ചരമവാർഷികം

**03–06–2022**



# VALSAMMA THOMAS

## W/o C. T. Thomas(Monachan)

**Chathurathundiyil Family**
**Kurichy**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 1st Death Anniversary
## 01-05-2022



# Hon.Flt.Lt. M. M. Thomas
Manachuvattil House, Thiruvanvandoor

**“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”**

Advt - O

## 34th Death Anniversary
05-12-2022

## 34th Death Anniversary
09-04-2022



**Abraham Kuruvilla**
(Kuttappan)

**Sosamma Kuruvilla**
(Kunjamma)

## 2nd Death Anniversary
03-04-2022

## 25th Death Anniversary
30-05-2022





**Kunjamma Kuruvilla**
(Kunjamma)

**A. S. Kuruvilla**
(Kunjubaby)

**ALENCHERIL, MAZHUKEER**

"When someone you love become a memory, the memories becomes a treasure" your memories will always be with us."

By Sorrowing family

Advt -S

## 20 – ാം ചരമ വാർഷികം

**5 – 05 – 2022**



# ഈശ്വരൻ പറമ്പിൽ അച്ചൻ

**കുറിച്ചി**

Advt -R

**സന്തപ്ത കുടുംബാംഗങ്ങൾ**

## 40 – ാം ചരമദിനം

**28 – 05 – 2022**



Advt -O

# റ്റി. എസ്. കുറിയാക്കോസ് (69)

**തെക്കേപറമ്പിൽ, കുറിച്ചി**

"Everyday we remember you in our prayers, in our thoughts. Your memory can never be forgotten. We have you so much, Pappa we miss you "Rest in peace Pappa"

By Sorrowing Family

## 5 – ാം ചരമ വാർഷികം

**4 – 05 – 2022**



Advt -O

# അമ്മിണി മാത്യു


**ആലപ്പാട്, പുല്ലുപ്രം, റാന്നി**

**"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**

**സന്തപ്ത കുടുംബാംഗങ്ങൾ**

## 1 – ാം ചരമ വാർഷികം

**6 – 06 – 2022**



Advt -O

# എം. എം. ജോസഫ് (കുഞ്ഞച്ചൻ)

**മണച്ചുവട്ടിൽ, തിരുവൻവണ്ടൂർ**

(തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായപള്ളി സീനിയർ സുവിശേഷകനും പ്രധാന ശുശ്രൂഷകനും ആയിരുന്നു)

**പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ**



## 5 – ാം ചരമവാർഷികം

11 – 05 – 2022

# ലൈസാമ്മ മാത്യു

മുളമൂട്ടിൽ, കുറ്റൂർ, തിരുവല്ല

## 11 – ാം ചരമവാർഷികം

19 – 06 – 2022



## Aleyamma Mathunni

Mulamoottil

Kuttoor



## 11 – ാം ചരമവാർഷികം

26 – 06 – 2022



## അഡ്വ. ജൂലി സുനിൽ

കല്ലുവെട്ടാംകുഴിയിൽ,

താഴത്തങ്ങാടി, കോട്ടയം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S




**ഫാ. ഷൈനോ മർക്കോസ് കൊച്ചുമംഗര**

## പുതുഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായറാഴ്ച (ലൂക്കോ 9:51 – 62)

വാക്യം 51 ൽ "അവന്റെ ആരോഹണത്തിനുള്ള കാലം തികയാറായപ്പോൾ അവൻ യെരുശലേമിലേക്ക് യാത്ര ആകുവാൻ 'മനസ്സ് ഉറപ്പിച്ച്' തനിക്ക് മുമ്പായി ദൂതന്മാരെ അയച്ചു" എന്ന് ലൂക്കോസ് ശ്ലീഹാ സാക്ഷിക്കുന്നു. ഇവിടെ രണ്ട് കാര്യങ്ങൾ ശ്രദ്ധേയമാണ് 1). 'അവന്റെ ആരോഹണം' എന്ന പദംകൊണ്ട് യേശു തന്റെ ഇഹലോകവാസം പൂർത്തീകരിച്ച്, സ്വർഗ്ഗത്തിൽനിന്ന് വന്നവൻ എന്ന നിലയിൽ അവിടേയ്ക്ക് തിരികെ പോകുവാനുള്ള സമയം തനിക്ക് ബോദ്ധ്യമായി എന്നാണ് ഉദ്ദേശിക്കുന്നത്. ഓരോ വ്യക്തിയുടേയും മരണസമയം ദൈവം മാത്രം അറിയുന്നു എന്നാൽ ദൈവപുത്രന്റെ മരണ സമയം, ആയുസ്സിന്റെ ദൈർഘ്യം ഇവ അവിടുന്ന് അറിഞ്ഞിരുന്നു. ഒരാളുടെ ആയുഷ്ക്കാലം ജനനം മുതൽ മരണംവരെയെങ്കിൽ യേശുവിന്റെ മനുഷ്യാവതാര കാലം ജനനം മുതൽ സ്വർഗ്ഗാരോഹണംവരെയായിരുന്നു എന്ന് ചിന്തിക്കാവുന്നതാണ്. ഈ കാലഘട്ടത്തിൽ യേശുവിന് എന്തെല്ലാം സംഭവിച്ചു എന്ന് പ. പൗലോസ്ശ്ലീഹാ നമ്മെ അറിയിക്കുന്നു "അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാർക്ക് പ്രത്യക്ഷനായി, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു. തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു (1. തീമോ. 3:16). 2). 'മനസ്സ് ഉറപ്പിച്ചു.' യേശുവിന്റെ മുമ്പിലുണ്ടായിരുന്ന ചിന്ത താൻ മരണത്തിലൂടെ കടന്നുപോകണമോ എന്നുള്ളതായിരുന്നു. ആ കയ്പ്പു നിറഞ്ഞ അനുഭവത്തെ തിരസ്ക്കരിക്കുന്നതിനായി തനിക്ക് ഒരാലോചന ഉണ്ടായിരുന്നു എങ്കിൽ യേശുവിന് ഗലീലയിൽത്തന്നെ ഒതുങ്ങിക്കഴിഞ്ഞു കൂടാമായിരുന്നു. എന്നാൽ അവൻ യെരുശലേമിലേയ്ക്ക് പോകാൻ മനസ്സുറപ്പിച്ചു എന്ന് രേഖപ്പെടുത്തുമ്പോൾ മരണത്തിന് താൻ സ്വയം മനസ്സുവച്ചു എന്നാണ് തെളിയിക്കുന്നത്. യേശു പീലാത്തോസിനോട് തന്റെ മേൽ ലോകത്ത് ആർക്കും ഒരധികാരവും ഇല്ല എന്നും, താൻ സ്വന്തമായി മരണത്തിന് ഏൽപ്പിച്ചു കൊടുക്കുകയാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

"നിങ്ങൾ ഏത് ആത്മാവിന് അധീനർ എന്ന് നിങ്ങൾ അറിയുന്നില്ല." യേശു അയച്ച ദൂതന്മാരോടുള്ള നിഷേധമനോഭാവം യേശുവിനോടുള്ള നിഷേധമായിട്ടാണ് ശിഷ്യന്മാർ കണ്ടത്. അതുകൊണ്ടാണ് ശമര്യാക്കാരെ (യിസ്രായേൽക്കാരിൽനിന്നുള്ള ഒരു ചെറിയ ജനവിഭാഗം; അതായത് ബാബിലോണിയ പ്രവാസകാലത്ത് വിജാതീയ സ്ത്രീകളെ സ്വീകരിച്ച യിസ്രായേൽക്കാരുടെ സന്തതികൾ; ഇവർ തമ്മിൽ ആശയ സംഘർഷങ്ങൾ ഉണ്ടായിരുന്നു) തീയിറക്കി നശിപ്പിക്കുന്നതിനുള്ള ആലോചന വന്നത്. മനുഷ്യരുടെ കൃത്യങ്ങൾ ആണ് അവനെ നന്മ നിറഞ്ഞവനും, അതുപോലെ ഭോഷികളും ആക്കിത്തീർക്കുന്നത്. ഓരോ വ്യക്തിയും സ്വന്തം മനസ്സിന്റെ സമ്മതം കൂടാതെ (will) ഒന്നും ചെയ്യുന്നില്ല. സമ്മതത്തിന്റെ പിന്നിൽ ഉദ്ദേശവും, ഉദ്ദേശത്തിന്റെ പിന്നിൽ ആലോചനയും, ആലോചന രൂപീകരിക്കുന്ന 'ആത്മാവും ഉണ്ട്. ആത്മാവിന്റെ മേൽ നമുക്ക് നിയന്ത്രണം ഉണ്ടാകുന്നതുവരെ നമ്മുടെ വ്യക്തിത്വത്തിന്മേൽ ഉണ്ടായിരിക്കേണ്ട നിയന്ത്രണം പൂർണ്ണമാകുന്നില്ല. ഇത് ആത്മീയ വളർച്ചയാണ്, പ്രക്രിയയാണ്. അതിന് മുഖ്യപ്രാധാന്യം കൊടുത്ത് ഓരോ വിശ്വാസിയും അവരുടെ ലക്ഷ്യത്തിലേയ്ക്കുള്ള യാത്ര നിവൃത്തിക്കേണ്ടതുണ്ട് എന്നാണ് പ്രാണനെ നശിപ്പിക്കാതെ രക്ഷിക്കുന്നവരായി തീരണം എന്നതിലൂടെ യേശു വ്യക്തമാക്കുന്നത്.

മൂന്ന് വ്യക്തികൾ – ലോകത്തിന്റെ ഇമ്പങ്ങളെ കൈവിടാൻ വിഷമമുള്ളവർക്ക് സ്വർഗ്ഗരാജ്യ ആനന്ദം അപ്രാപ്യമായിരിക്കും. ഇവിടെ തിരിഞ്ഞ് നോക്കുന്നതിന്റെ കാരണം സ്വർഗ്ഗരാജ്യത്തെ പ്രതി ഉപേക്ഷിക്കുവാൻ നിർബന്ധിതമാകുന്നവ, സ്വർഗ്ഗരാജ്യത്തിന്റെ വിലയേക്കാൾ ശ്രേഷ്ടവും വിലയേറിയതും എന്ന് ചിന്തിക്കുന്നതുകൊണ്ടാണ്.

## പുതു ഞായറാഴ്ചയ്ക്കു ശേഷം അഞ്ചാം ഞായറാഴ്ച (യോഹ. 6:35 – 46)

"ഞാൻ ജീവന്റെ അപ്പമാകുന്നു." അപ്പം/ആഹാരമാണ് ജീവനെ നിലനിർത്തുന്നത്. അതുകൂടാതെ മനുഷ്യന് നിലനിൽക്കാൻ സാധ്യവുമല്ല. എന്നാൽ 'ജീവൻ' കേവലം ശാരീരിക ജീവൻ മാത്രമല്ല. അത് ദൈവത്തോടുള്ള സജീവബന്ധമാണ്. ക്രിസ്തുവിനെക്കൂടാതെ ജീവൻ ഇല്ല. കാരണം കർത്താവാണ് ജീവദായകൻ. യേശു ഇവിടെ സൂചിപ്പിക്കുന്നത് തന്റെ ശരീരരക്തത്തെയാണ്. ഈ ജീവൻ നമുക്ക് നൽകാനാണ് അവൻ മനുഷ്യാവതാരം എടുത്തത് ആയതിനാൽ നമ്മുടെ ജീവൻ ദൈവത്തിന്റെ ദാനമാണ്. ഈ ബോധ്യത്തോടെ കർത്താവിനെ സ്വീകരിക്കുന്നവന് പൂർണ്ണസമാധാനവും സംതൃപ്തിയും ലഭിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന ആത്മീയ നിറവിലാണ് പുരോഹിതൻ വിശുദ്ധ കുർബ്ബാനയുടെ സമാപന ആശിർവാദത്തിൽ "നിങ്ങൾ സന്തോഷിച്ച്, സംതൃപ്തരായി, സമാധാനത്തോടെ പോകുവീൻ" എന്ന് ആഹ്വാനം ചെയ്യുന്നത്.

തുടർന്ന് ക്രിസ്തീയ ജീവിതത്തിന്റെ പടികളും ദൈവത്തിന്റെ ഇഷ്ടവും എന്തെന്ന് അവൻ വ്യക്തമാക്കുന്നു. 1) ക്രിസ്തുവിനെ കാണുക: അന്നുള്ളവർ മുഖാമുഖമായി യേശുവിനെ കണ്ടു ഇന്ന് നാം വി. കുർബ്ബാനയിലൂടെയും, സുവിശേഷത്തിൽ കൂടിയും, സഭയുടെ ഉപദേശത്തിലൂടെയും

ക്രിസ്തുവിനെ കാണണം. അതോടൊപ്പം ലോകരക്ഷകനായും, എന്റെ രക്ഷകനായും (യേശു പാപികളെത്തേടി വന്നെങ്കിൽ അതിൽ ഒന്നാമൻ ഞാനെന്ന ബോധ്യം) യേശുവിനെ കാണാൻ കഴിയണം.

2) അവനിൽ വിശ്വസിക്കണം: അവന്റെ ദൈവത്വത്തിലും, മനുഷ്യത്വത്തിലും, രക്ഷായാഗത്തിലും, അവന്റേതായ സഭയിലും, അതിലുള്ള ക്രമീകരണങ്ങളിലും വിശ്വസിക്കണം.

3) 40-ാം വാക്യം ഏറെ ധ്യാനാത്മകമാണ്. "പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം. ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കും". മുകളിൽ പറഞ്ഞ രണ്ട് ചുമതലകളും നിർവ്വഹിച്ച് നിത്യജീവൻ സ്വായത്തമാക്കുക ഇതാണ് ദൈവത്തിന്റെ ഇഷ്ടം.

യേശുക്രിസ്തുവിന്റെ ഈ വചനങ്ങൾ യഹൂദരെ പ്രകോപിപ്പിച്ചു. 1) അവർ ബാഹ്യ മാനദണ്ഡം മാത്രംവച്ച് യേശുവിനെ വിലയിരുത്തി. 2) അവർ പരസ്പരം ആശയവിനിമയം നടത്തി, ദൈവഹിതത്തെക്കുറിച്ച് ചിന്തിച്ചില്ല. 3) അവർ യേശുവിന്റെ കേൾവിക്കാർ മാത്രമായിരുന്നു. അവനെ പഠിച്ചില്ല, ഉപദേശങ്ങളെ ഗ്രഹിച്ചില്ല.

## പെന്തിക്കോസ്തി ഞായർ, (യോഹ. 15:1 – 14)

കർത്താവായ യേശുക്രിസ്തു തന്റെ രക്ഷാകര ദൗത്യനിർവ്വഹണാനന്തരം പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങിപ്പോവുകയും, തന്റെ പ്രതിനിധിയായി (യോഹ.14:26,16:15) പരിശുദ്ധാത്മാവിനെ ലോകത്തിലേയ്ക്ക് അയച്ച് ദൈവ വാഗ്ദാനങ്ങളെ നിവർത്തിക്കുകയും, പാപം മൂലം പിൻവലിക്കപ്പെട്ടതായ പരിശുദ്ധറൂഹാ വീണ്ടും ലോകത്തിൽ വസിക്കുകയും ചെയ്തതാണ് പുതിയ നിയമ പെന്തിക്കോസ്തി.

യേശു തന്റെ ശിഷ്യന്മാരെ അനാഥരായി വിടുകയില്ല എന്നുള്ള തന്റെ വാഗ്ദാനം നിവൃത്തിച്ചത് അവർക്ക് ധാരാളമായി പരിശുദ്ധാത്മാവിനെ കൊടുത്തുകൊണ്ടാണ്. "ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം, ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും, ആശ്വാസപ്രദൻ വരുമ്പോൾ പാപത്തെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും, ലോകത്തിന് ബോധം വരുത്തും" (16:7-8) എന്നാണ് ഈ വിഷയത്തെക്കുറിച്ച് യേശു വെളിപ്പെടുത്തിയത്. ഇവിടെ യേശു പരിശുദ്ധ റൂഹായെ 'അവൻ' എന്ന ഒരു വ്യക്തിയായി സൂചിപ്പിക്കുന്നു. അപ്രകാരം പരിശുദ്ധാത്മാവ് ശിഷ്യന്മാർക്ക് ശക്തിയായിട്ടും, വ്യക്തിയായിട്ടും അനുഭവപ്പെട്ടു പോന്നു.

യേശുവിന്റെ വാഗ്ദാനപ്രകാരം ആത്മശക്തിക്കായി കാത്തിരുന്ന തന്റെ ശിഷ്യസമൂഹത്തിന് അഗ്നിനാവുകളുടെ രൂപത്തിൽ (അ.പ്ര. 1:4) പരിശുദ്ധ റൂഹായെ അയച്ചുകൊടുത്ത് അവരെ ശക്തിപ്പെടുത്തി. മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റുന്ന മൂന്ന് കാര്യങ്ങളാണ് പാപം, ലോകം, പിശാച്. പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ ഇവയെക്കുറിച്ച് മനുഷ്യൻ ബോധവാനാകുന്നില്ല. നേരെമറിച്ച് ഒരുവനിൽ പരിശുദ്ധാത്മാവ് വസിച്ചാൽ

1) പാപം – പാപമാണെന്ന ബോധ്യം വരും

2) ലോകം- ലോകത്ത് 'നീതിയോടെ' ജീവിക്കണമെന്ന ബോധ്യം വരും

3) പിശാച് – പാപം, നീതിയില്ലാത്ത ലോകം ഇവ വഴി പിശാചിനടിമപ്പെട്ടാൽ 'ഒരു ന്യായവിധി' ഉണ്ടെന്നും അതുവഴി നിത്യനരകയോഗ്യനാകും എന്നുള്ള ബോധ്യം പരിശുദ്ധാത്മാവ് നൽകും. ഈ മൂന്നു ബോധ്യങ്ങൾ ലഭിക്കുന്ന മനുഷ്യനിൽ പിന്നീട് ആത്മാവിന്റെ ഫലങ്ങൾ (ഗലാത്യർ 5:22-24) ഉള്ളവനായി ഉള്ളിലെ ആന്തരീക മനുഷ്യനെ ദൈവോൻമുഖമായി നയിക്കുന്നതിനും, വിശുദ്ധിയിൽ ജീവിക്കുന്നതിനും സാധിക്കും.

## പെന്തിക്കോസ്തിയ്ക്ക്ശേഷം ഒന്നാം ഞായർ (യോഹ. 6:26 – 35)

"ഞാൻ ജീവന്റെ അപ്പമാകുന്നു, എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല., എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കുകയുമില്ല." വി. കുർബ്ബാനയുടെ രഹസ്യം യേശു ലോകത്തിന് വെളിപ്പെടുത്തുകയാണ്. മനുഷ്യനെ ദൈവീകനാക്കാൻ ദൈവം അപ്പമായി മാറുന്നു. ഒരു മനുഷ്യന്റെ ഉള്ളിൽ ദൈവം നിത്യം വസിക്കാൻ ഇതല്ലാതെ വേറൊരു വഴിയില്ലായിരുന്നു. മർക്കോസിന്റെ മാളികയിൽ തിരുവത്താഴത്തിന് വെളിപ്പെടുത്തിയ രഹസ്യം കാൽവറിയിൽ കുരിശിൽ ബലിയായിത്തീർന്ന് തന്റെ ശരീരം മുറിച്ച്, രക്തം ചീന്തി നമുക്ക് നൽകി യേശു പൂർത്തീകരിച്ചു.

അവനെ യഥാർത്ഥമായി എങ്ങനെ സ്വീകരിക്കണം എന്ന് രണ്ട് കാര്യങ്ങൾ പറഞ്ഞ് യേശു വ്യക്തമാക്കുന്നുണ്ട്. (വാക്യം 26:27) 1) "നിങ്ങൾ എന്നെ അന്വേഷിച്ചത് അടയാളം കണ്ടത് മൂലമല്ല. മറിച്ച് അപ്പംതിന്ന് തൃപ്തരായതുകൊണ്ടാണ്." 2) "നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല. നിത്യജീവങ്കലേക്ക് നിലനിൽക്കുന്ന ആഹാരത്തിനായിട്ട് പ്രവർത്തിപ്പീൻ. അത് മനുഷ്യപുത്രൻ നിങ്ങൾക്ക് തരും." നാം ആദ്യഗണത്തിൽപ്പെടുന്നു എങ്കിൽ വിശുദ്ധ കുർബ്ബാന (ജീവന്റെ അപ്പം) നമുക്ക് അനുഭവവേദ്യമാകുന്നില്ല. കാരണം ഇവിടെ വിശ്വാസം ഇല്ല, ഭക്ഷിക്കുന്നു എന്ന പ്രവൃത്തി മാത്രമേ ഉള്ളു. എന്നാൽ രണ്ടാം വിഭാഗത്തിൽ ആണെങ്കിൽ വിശ്വാസവും, പ്രവൃത്തിയും ഒരുപോലെ ഉണ്ടാകുകയും അത് അനുഭവമാകുകയും ചെയ്യുന്നു. അതുകൊണ്ടാണ് വാക്യം 29 ൽ യേശു ദൈവത്തിന് പ്രസാദമുള്ള "പ്രവർത്തി" അവൻ അയച്ചവനിൽ നിങ്ങൾ 'വിശ്വസിക്കുന്നതത്രെ. എന്ന് ഉത്തരം പറഞ്ഞത്.

വാക്യം 53:54 ആണ് ഇതിന്റെ പൂർത്തീകരണം "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും, എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് ഉള്ളിൽ ജീവനുണ്ട്. ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും." ഇതാണ് ക്രൈസ്തവ ജീവിതത്തിന്റെ പ്രത്യാശ. ഇത് പിതാക്കന്മാർ നിഖ്യാവിശ്വാസ പ്രമാണത്തിന്റെ അവസാനം നമ്മെ ഉറപ്പിക്കുന്നു. "മരിച്ചുപോയവരുടെ ഉയിർപ്പിനും, വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു."

*മാർച്ച് ലക്കം തുടർച്ച*

# ഇസ്ക്കരിയോത്താ യൂദാസിന്റെ ദാരുണ അന്ത്യം

**ടോമി കുറിച്ചി**

